ജോർജ്ജിയൻ

കുഴിമറ്റം സെന്റ് ജോർജ് യുവജനപ്രസ്ഥാനം പ്രസിദ്ധീകരണം | പുസ്തകം 11 | ലക്കം 3 | നവംബർ 2007 | പേജ് 6

ജോർജിയന്റെ ആദരാഞ്ജലികൾ

ഡോ. സ്തേഫാനോസ് മാർ തേവോദോസ്യോസ്

ജന്മദിനാശംസകൾ



ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ്

2007 ഡിസംബർ 9-ന് 90 തികയുന്നു

ഇടവക മെത്രാപ്പോലീത്താ ജോർജിയനോടൊപ്പം

മൂന്നാം പേജ് കാണുക

ഒരു നിമിഷം

ജോർജിയനെക്കുറിച്ചുള്ള നിങ്ങളുടെ വിലയേറിയ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഒപ്പം അടുത്ത ലക്കത്തിലേക്കുള്ള സൃഷ്ടികളും ഞങ്ങൾക്ക് അയയ്ക്കുക.

എഡിറ്റർ, ജോർജിയൻ
സെന്റ് ജോർജ് ഓർത്തഡോക്സ് യുവജനപ്രസ്ഥാനം,
കുഴിമറ്റം പി. ഒ. കോട്ടയം - 686533
E-mail: georgiankuzhimattom@gmail.com
Web: http://georgian.malankaraorthodox.tv

41-ാം അടിയന്തിരം ജന്മനാട്ടിൽ

പാത്താമുട്ടം: മലങ്കര ഓർത്തഡോക്സ് സഭയുടെ കൊൽക്കത്താ ഭദ്രാസനാധിപനായിരുന്ന കാലം ചെയ്ത ഡോ. സ്തേഫാനോസ് മാർ തേവോദോസ്യോസ് മെത്രാപ്പോലീത്തായുടെ 41-ാം അടിയന്തിരം അദ്ദേഹത്തിന്റെ മാതൃഇടവകയായ പാത്താമുട്ടം സ്ലീബാ പള്ളിയിൽ ഡിസംബർ 15-ാം തീയതി ശനിയാഴ്ച ആചരിക്കും.

15 ന് രാവിലെ എട്ടുമണിക്ക് പ്രഭാത നമസ്കാരവും 9 മണിക്ക് പരിശുദ്ധ കാതോലിക്കാ ബാവായുടെ മുഖ്യ കാർമ്മികത്വത്തിലും മെത്രാപ്പോലീത്തായുടെ സഹകാർമ്മികത്തിലും വി. മൂന്നിന്മേൽ കുർബ്ബാനയും തുടർന്ന് അനുസ്മരണസമ്മേളനവും നടക്കും.

2500 പേർക്ക് അടിയന്തിരസദ്യ ഒരുക്കുവാനുള്ള ക്രമീകരണങ്ങൾക്ക് പാത്താമുട്ടം സ്ലീബാ പള്ളി വികാരി ഫാ. തോമസ് പി. സഖറിയായും സമീപ ഇടവക വികാരിമാരും ട്രസ്റ്റിമാരും സംയുക്ത നേതൃത്വം നല്കുന്നു.

2007 നവംബർ 5 ന് മസ്ക്കറ്റിൽ വച്ച് കാലം ചെയ്ത പരിശുദ്ധ പിതാവിന്റെ ഭൗതികദേഹം ഭിലായ് സെന്റ് തോമസ് ആശ്രമത്തിൽ കബറടക്കം ചെയ്തു.

പാത്താമുട്ടം കയ്യാലത്ത് കുടുംബാംഗമായിരുന്ന മെത്രാപ്പോലീത്തായുടെ കർമ്മഭൂമി ഉത്തരേന്ത്യ ആയിരുന്നു.

ഉത്തരഭാരതത്തിലെ ഗ്രാമാന്തരങ്ങളിൽ മിഷൻ പ്രവർത്തനവുമായി സ്നേഹത്തിന്റെ സന്ദേശം വിളിച്ചോതിയ മാർ തേവോദോസ്യോസ് 'പ്രവാസികളുടെ ഇടയൻ' എന്നായിരുന്നു അറിയപ്പെട്ടിരുന്നത്.

കുഴിമറ്റം സെന്റ് ജോർജ്ജ് മികച്ച യൂണിറ്റ് ● സി. ആർ. ഗീവർഗീസ് മികച്ച യൂണിറ്റ് സെക്രട്ടറി

ക്രിയാത്മകതയുടെ കൂട്ടായ്മയ്ക്ക് സഭയുടെ അംഗീകാരം

ജോർജിയൻ ടീം

കൊട്ടാരക്കര: ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം അഖില മലങ്കരാടിസ്ഥാനത്തിൽ, 2006-07- ലെ ഏറ്റവും മികച്ച യൂണിറ്റായി കോട്ടയം ഭദ്രാസനത്തിലെ കുഴിമറ്റം സെന്റ് ജോർജ്ജും മികച്ച ഭദ്രാസനമായി കോട്ടയം ഭദ്രാസനവും തിരഞ്ഞെടുക്കപ്പെട്ടു. ഗീവർഗീസ് സി. ആർ. മികച്ച യൂണിറ്റ് സെക്രട്ടറിയായും സാം വർഗ്ഗീസ് മികച്ച ഭദ്രാസന സെക്രട്ടറിയായും തെരഞ്ഞെടുക്കപ്പെട്ടു.

കൊട്ടാരക്കര മൈലം എം. ജി. എം. സ്കൂളിൽ നടന്ന യുവജനപ്രസ്ഥാനം 71-ാം അന്തർദേശീയ വാർഷികസമ്മേളനത്തിലാണ് പ്രസിഡണ്ട് ഡോ. യൂഹാനോൻ മാർ മിലിത്തോസ് അവാർഡ് പ്രഖ്യാപിച്ചത്. കൊല്ലം ഭദ്രാസന മെത്രാപ്പോലീത്താ മാത്യൂസ് മാർ എപ്പിപ്പാനിയോസ് പുരസ്ക്കാരങ്ങൾ വിതരണം ചെയ്തു. സമ്മേളനം കേന്ദ്ര തൊഴിൽ വകുപ്പ് മന്ത്രി ഓസ്കാർ ഫെർണാണ്ടസ് ഉദ്ഘാടനം ചെയ്തു. ജിജി തോംസൺ ഐ. എ. എസ്., മുൻ എം. എൽ. എ. ആർ. ബാലകൃഷ്ണപിള്ള, ഫാ. സ്പെൻസർ കോശി, ഫാ. കോശി ജോൺ എന്നിവർ പ്രസംഗിച്ചു.

ക്രിയാത്മകതയുടെ കൂട്ടായ്മയിലൂടെ ചിട്ടയായും വ്യത്യസ്തവുമായുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കിയതിന്റെ പ്രതിഫലമായാണ് കുഴിമറ്റം സെന്റ് ജോർജ്ജിനെ മലങ്കരസഭയിലെ മികച്ച യുവജനപ്രസ്ഥാനമാക്കിയത്. യുവജനപ്രസ്ഥാനം കേന്ദ്ര കമ്മിറ്റിയും ഭദ്രാസന കമ്മറ്റിയും കുഴിമറ്റം സെന്റ് ജോർജ്ജ് യുവജനപ്രസ്ഥാനത്തെയും സെക്രട്ടറി സി. ആർ. ഗീവർഗീസിനെയും അനുമോദിച്ചു.

മികച്ച യൂണിറ്റിനുള്ള അവാർഡ് മാത്യൂസ് മാർ എപ്പിപ്പാനിയോസിൽ നിന്ന് സി. ആർ. ഗീവർഗീസ് ഏറ്റുവാങ്ങുന്നു. യുവജനപ്രസ്ഥാനം പ്രസിഡണ്ട് മാർ മിലിത്തോസ് സമീപം.

സി. ആർ. ഗീവർഗീസ് (മികച്ച യൂണിറ്റ് സെക്രട്ടറി)

സാം വർഗീസ് (മികച്ച ഭദ്രാസന സെക്രട്ടറി)

(ശേഷം 2 -ാം പേജിൽ)

കുഴിമറ്റം സെന്റ് ജോർജ് എൽ. പി. സ്കൂളിലെ നിർദ്ധനരായ 25 കുട്ടികൾക്ക് ബാഗ് വിതരണം, എസ്. എസ്. എൽ. സി., പ്ലസ് ടൂ വിജയികൾക്ക് അവാർഡ് ദാനം, കോട്ടയം ജില്ലയിലെ 786 കുട്ടികൾ പങ്കെടുത്ത "നിറക്കൂട്ട്" ചിത്രരചനാമത്സരം, സെന്റ് തോമസ് അനുസ്മരണം, ഡാവിഞ്ചി കോഡ് സംവാദം, സ്വാതന്ത്ര്യദിനാഘോഷം, ബഥനി ആശ്രമത്തിൽ ബഹു. ജോസഫ് അച്ചന്റെ ജന്മദിനാഘോഷം, യുവജനവാരാഘോഷത്തോടനുബന്ധിച്ച് ക്വിസ് മത്സരം, അത്തപ്പൂക്കളമൊരുക്കൽ,

യുവജനങ്ങൾ തറവാട്ടിലേക്ക്

ഭദ്രാസന ദ്വിദിന ക്യാമ്പ് ഡിസംബർ 28, 29 തീയതികളിൽ ഞാലിയാകുഴി ദയറായിൽ

കോട്ടയം: കോട്ടയം ഭദ്രാസനാധിപൻ ഗീവർഗ്ഗീസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ നിവാസസ്ഥലമായ മൗണ്ട് ഹോറേബ് ഞാലിയാകുഴി മാർ ബസേലിയോസ് ദയറായിൽ യുവജനങ്ങൾ സംഗമിക്കുന്നു.

ഡിസംബർ 28, 29 തീയതികളിൽ കോട്ടയം ഭദ്രാസന യുവജനപ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ 'തറവാട്ടിൽ ഒരു ദിനം' ദ്വിദിന പഠനക്യാമ്പ് നടത്തുവാനുള്ള ക്രമീകരണം പൂർത്തിയായി.

വിശ്വാസപഠനം, വ്യക്തിത്വവികസനം, ബെൽസ് ആൻഡ് കാരൾസ്, സഭാനേതൃത്വവുമായി സംവാദം എന്നിവ നടത്തപ്പെടും.

ഗീവർഗീസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്താ, ഫാ. മോഹൻ ജോസഫ്, ഫാ. തോമസ്. പി. സഖറിയ, അൽമായ ട്രസ്റ്റി എം. ജി. ജോർജ്ജ് മുത്തൂറ്റ്, പ്രൊഫ. ജേക്കബ് കുര്യൻ ഓണാട്ട്, ചെറിയാൻ വർഗീസ് എന്നിവർ ക്ലാസുകൾ നയിക്കും.

ക്യാമ്പ് പ്രവർത്തനങ്ങൾക്ക് ഫാ. തോമസ് പി. സഖറിയ, സാം വർഗീസ്, രഞ്ജു കെ. മാത്യൂ, സാബു ജേക്കബ്, രാജ് ഫിലിപ്പ് എന്നിവർ നേതൃത്വം നൽകും.

ലേഖനം

കർമ്മവീഥിയിലൂടെ ഒരു പുനർയാത്ര

രാജ് ഫിലിപ്പ് മുതലകേരിൽ

മലങ്കര ഓർത്തഡോക്സ് സഭയിലെ ഏറ്റവും മികച്ച യുവജനപ്രസ്ഥാനമായി നമ്മുടെ യുവജനപ്രസ്ഥാനം തിരഞ്ഞെടുക്കപ്പെട്ടു. മികച്ച യൂണിറ്റ് സെക്രട്ടറിയായി സി. ആർ. ഗീവർഗീസിനെയും... ചരിത്രപാതയിൽ മികവിനുള്ള അംഗീകാരം..... ക്രിയാത്മകതയുടെ കൂട്ടായ്മയ്ക്ക്, ചിന്തിക്കുന്ന യുവജനങ്ങൾക്ക് സഭയുടെ പുരസ്ക്കാരം..... ഇടവകയ്ക്ക് അഭിമാനിക്കാവുന്ന നിമിഷങ്ങൾ..... ലഭിച്ച കൃപകളെ ഓർത്ത് ദൈവസന്നിധിയിൽ തലകളെ വണക്കുവാനുള്ള അവസരം..... തലമുറകൾക്ക് വഴികാട്ടിയ, പ്രസ്ഥാനത്തിന് മുൻകാലങ്ങളിൽ നേതൃത്വം നല്കിയവരെ സ്മരിക്കുവാൻ..... ക്രിസ്തുവിനെ സാക്ഷിക്കുവാൻ..... കൂടുതൽ ക്രിയാത്മകമായി പ്രവർത്തിക്കുവാൻ..... ആ അവസരമാണ് ഇതുമൂലം നമുക്ക് ലഭ്യമായത്.

ഇടവകയിലെ ആത്മീയസംഘടന എന്ന നിലയിൽ മികവ് അളക്കേണ്ട മാനദണ്ഡം യുവജനങ്ങളുടെ ആത്മീയ പുരോഗതി മാത്രം അടിസ്ഥാനമാക്കിയാവണം എന്നതിന് രണ്ടു പക്ഷമില്ല. ആ മാനദണ്ഡം ഈ അംഗീകാരത്തിന് വഴിവെച്ചു. മികവിന്റെ പാതയിൽ മറക്കാനാവാത്ത ചിത്രങ്ങളേറെ..... പിന്തുണ നൽകിയ ഇടവക ഭരണസമിതി..... പ്രോത്സാഹിപ്പിച്ച സംഘടനകൾ.... ശാസിച്ചും സ്നേഹിച്ചും വഴികാട്ടിയ വൈദികശ്രേഷ്ഠർ... കൈപിടിച്ച് ഉയർത്തിയവർ.... മാർഗ്ഗനിർദ്ദേശം നല്കിയ കേന്ദ്ര-ഭദ്രാസനനേതൃത്വം..... എല്ലാറ്റിനുമുപരി ദൈവകൃപയും..... കർത്തവ്യനിർവ്വഹണത്തിന് മാതൃകയായി, കാവലായി, ശക്തിയായി, മായാത്ത ചിത്രവും കാതുകളിൽ മുഴങ്ങുന്ന കുളമ്പിൻ നാദവും.....

മറക്കാനാവാത്ത ചരിത്രം

പിന്നിട്ട നാളുകളിൽ ഇടവകയിലെ യുവജനങ്ങളുടെ ആത്മീയചൈതന്യത്തിനും പരിപോഷണത്തിനും ഒപ്പം നാടിന്റെയും ഇടവകയുടെയും സമഗ്രപുരോഗതിയും ലക്ഷ്യമാക്കി ഈ പ്രസ്ഥാനം പ്രവർത്തിച്ചു വരുന്നു. ആത്മീയവളർച്ചയ്ക്കൊപ്പം ഇന്നത്തെ സാമൂഹികപ്രശ്നങ്ങൾ മനസ്സിലാക്കുവാനും സാംസ്കാരിക സാമ്പത്തിക മേഖലകളിലുണ്ടാകുന്ന ഗതിമാറ്റത്തിൽ യുവജനങ്ങൾ പതറാതെ നിൽക്കുവാനുള്ള ആത്മീയ അവബോധം സൃഷ്ടിക്കുവാൻ കഴിയുന്ന 'പഠന' ക്രിയയും തങ്ങളുടെ വിശ്വാസം ഉറക്കെ പ്രഖ്യാപിക്കുന്ന ചൊവ്വാക്കപ്പെട്ട 'ആരാധന'യും സമഭാവനയിലധിഷ്ഠിതമായ 'സേവന'ത്തിന്റെ പുത്തൻ രൂപവും ഈ പ്രസ്ഥാനത്തിന്റെ മുഖമുദ്രയാണ്.

മലങ്കരയടിസ്ഥാനത്തിൽ യുവജനപ്രസ്ഥാനം സംഘടിപ്പിക്കുന്നതിന് മുമ്പ് തന്നെ ഈ ഇടവകയിലെ യുവജനങ്ങൾ ഒന്നിച്ചുകൂടി പ്രാർത്ഥിക്കുകയും വേദപഠനം നടത്തുകയും ചെയ്തിരുന്നു. മലങ്കര സിറിയൻ ക്രിസ്ത്യൻ യുവജനസമാജം രൂപം കൊള്ളുകയും 1937-ൽ പി. ഇ. ദാനിയേൽ ക്ലേറി (പിന്നീട് ദാനിയേൽ മാർ പീലക്സിനോസ്) സമാജത്തിന്റെ പ്രഥമ സെക്രട്ടറിയായി നിയമിതനാകുകയും ചെയ്ത കാലഘട്ടത്തിലാണ് കുഴിമറ്റം സെന്റ് ജോർജ് പള്ളിയിലും യുവജനപ്രസ്ഥാനം രൂപം കൊള്ളുന്നത്. 1972-73, 1998-99, 2003-04 എന്നീ വർഷങ്ങളിൽ സെന്റ് ജോർജ് യുവജന പ്രസ്ഥാനം കോട്ടയം ഭദ്രാസനത്തിലെ ഏറ്റവും മികച്ച യൂണിറ്റിനുള്ള ബഹുമതിക്ക് അർഹമായിട്ടുണ്ട്. നിരവധി തവണ പള്ളം ഡിസ്ട്രിക്ടിലെ മികച്ച പ്രസ്ഥാനമായും തെരഞ്ഞടുക്കപ്പെട്ടിട്ടുണ്ട്. യുവജനപ്രസ്ഥാനത്തിന്റെ മുഖപത്രമായ 'ജോർജിയൻ' 2006-07 വർഷത്തിലെ കോട്ടയം ഭദ്രാസനത്തിലെ മികച്ച യൂണിറ്റ് പ്രസിദ്ധീകരണത്തിനുള്ള ചീഫ് എഡിറ്റേഴ്സ് ട്രോഫിക്ക് അർഹമായി.

ഇളകാത്ത അടിത്തറ

1995-ൽ ഫാ. ഫിലിപ്പ്. സി. ഏബ്രഹാം കുഴിമറ്റം പള്ളി വികാരിയായി എത്തിയതോടെ മുടങ്ങിക്കിടന്ന യുവജനപ്രസ്ഥാനത്തിന് പുതുജീവൻ കൈവന്നു. അന്ന് യുവജനപ്രസ്ഥാനത്തിൽ കൂടുതലും സ്കൂൾ വിദ്യാർത്ഥികളായിരുന്നു. ബോബൻ പി. ഏബ്രഹാം, ബിജി പി. ഏബ്രഹാം, അജിത്ത് മാത്യു, ഗീവർഗ്ഗീസ് കുര്യൻ തുടങ്ങിയവരുടെ നേതൃത്വവും പരിചയവും പരിശീലനവും പുതിയ തലമുറയ്ക്ക് മുതൽക്കൂട്ടായി. അന്ന് പ്രസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി 300 രൂപ മാത്രമായിരുന്നു. ക്രമമായും മുടങ്ങാതെയും പ്രസ്ഥാനാംഗങ്ങൾ അന്നുമിന്നും ശനിയാഴ്ചകളിൽ സന്ധ്യാനമസ്ക്കാരത്തെത്തുടർന്ന് പള്ളിയിൽ സമ്മേളിക്കുകയും പാട്ട്, വേദവായന എന്നിവയ്ക്ക് ശേഷം ആനുകാലിക പ്രശ്നങ്ങൾ ചർച്ച ചെയ്യുകയും പ്രസംഗപരിശീലനം, ഗാനപരിചയം, ക്വിസ് മത്സരങ്ങൾ എന്നിവ നടത്തിവന്നു. ഈ കാലയളവിൽ പ്രസ്ഥാനത്തിന് മികച്ച അടിത്തറ പാകുവാൻ നേതൃത്വത്തിന് കഴിഞ്ഞു.

ചിന്തിക്കുന്ന യുവജനങ്ങൾ

1998-ൽ രഞ്ജു കെ. മാത്യുവിന്റെ നേതൃത്വത്തിൽ പ്രസ്ഥാനം കോട്ടയം ഭദ്രാസനത്തിലെ മികച്ച യുവജനപ്രസ്ഥാനമായി തിരഞ്ഞെടുക്കപ്പെട്ടതോടെ പ്രസ്ഥാനം പ്രവർത്തനങ്ങൾക്ക് പുതിയ രൂപവും ഭാവവും ആത്മവിശ്വാസവും കൈവന്നു. മാസത്തിൽ ഒരു പ്രോഗ്രാം എന്ന നിലയിൽ വർഷത്തിന്റെ തുടക്കം തന്നെ ഒരു വർഷത്തിന്റെ രൂപരേഖ തയ്യാറാക്കുകയും അതു നടപ്പിലാക്കുകയും ചെയ്തു വന്നു. ഇടവകാംഗങ്ങളുടെ സഹകരണം പ്രതീക്ഷിച്ചതിലും അധികമായിരുന്നു. സാമ്പത്തികശേഷി 300 രൂപയിൽ നിന്ന് വർഷവും 1 ലക്ഷം രൂപയിൽ വരെയെത്തി. പ്രസ്ഥാനത്തിന്റെ പ്രധാന പ്രചരണമാർഗ്ഗമായ ജോർജിയൻ ക്രമമായി അച്ചടി തുടങ്ങി. ഇന്റർനെറ്റ് എഡിഷൻ ആരംഭിച്ചു. ഫാ. ജോൺസ് ഏബ്രഹാം, ഫാ. തോമസ് ആൻഡ്രൂസ്, ഫാ. ജയ് സഖറിയ എന്നിവർ വിവിധ വർഷങ്ങളിൽ പ്രസ്ഥാനത്തിന് നേതൃത്വം നല്കി. ഈ പ്രസ്ഥാനത്തെ വളർത്തിയതും ഉയർത്തിയതും ഈ ഇടവകാംഗങ്ങൾ തന്നെയാണ്. എല്ലാവരോടുമുള്ള നന്ദിയും സ്നേഹവും എന്നും പ്രസ്ഥാനാംഗങ്ങൾ ഹൃദയത്തിൽ സൂക്ഷിക്കുന്നു.

സപ്തതി വർഷം

കുഴിമറ്റം സെന്റ് ജോർജ് യുവജനപ്രസ്ഥാനത്തിന്റെ സപ്തതി വർഷമായി 2006-07 വർഷം വിപുലമായ പരിപാടികളോടെ ആഘോഷിച്ചു. ഫാ. ജയ് സഖറിയായുടെ നേതൃത്വവും ചിറപ്പുറത്ത് സി. ആർ. ഗീവർഗ്ഗീസിന്റെ വീക്ഷണവും നമ്മുടെ പ്രസ്ഥാനത്തെ സഭയിലെ ഏറ്റവും മികച്ച യുവജനപ്രസ്ഥാനമാക്കി ഉയർത്തി. 2007-ൽ പ്രസ്ഥാനത്തിന്റെ 70-ാം വർഷത്തിൽ യുവതികൾ ഉൾപ്പെടെയുള്ള 70-ൽപ്പരം അംഗങ്ങളുടെ കൂട്ടായ്മയുടെയും തളരാത്ത അദ്ധ്വാനത്തിന്റെയും ദൈവകൃപയുടെയും ഫലമായി 70-ൽ അധികം പരിപാടികൾ നടത്തി. മികവ് അളക്കപ്പെട്ടത് ഈ പരിപാടികളിൽ നിന്നുമാണ്.

സ്വപ്നങ്ങളുടെ പടവുകളിൽ

മികവിന്റെ ഉന്നതിയിലും ധാരാളം സ്വപ്നങ്ങൾ ബാക്കി..... പ്രസ്ഥാനത്തിനായി ഒരു വെബ്സൈറ്റ്..... ഒരു ഓഫീസ് മുറി.... ജോർജിയൻ ഗ്രന്ഥ പ്രസിദ്ധീകരണവിഭാഗം.... ജോർജിയൻ ലൈബ്രറി വികസനം..... സ്റ്റഡിസർക്കിൾ..... സുവിശേഷീകരണത്തിന് സ്വന്തമായി ഒരു ചാനൽ.... ജീവകാരുണ്യ പ്രവർത്തനങ്ങൾ... സഭയിലെ ഏറ്റവും മികച്ച യുവജനപ്രസ്ഥാനത്തിന്റെ ആഗ്രഹങ്ങളും സ്വപ്നങ്ങളും ഏറെയാണ്. ഇടവകാംഗങ്ങളുടെ പിന്തുണയും സഹായസഹകരണങ്ങളും പരിശുദ്ധ ഗീവറുഗീസ് സഹദായുടെ കാവലും കോട്ടയും ഈ സ്വപ്നങ്ങൾ പൂവണിയുവാൻ സഹായിക്കും എന്ന് പ്രതീക്ഷിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. ◆

അനുസ്മരണം

കുഴിമറ്റം പള്ളി സ്ഥാപനത്തിന് അനുവാദ കല്പന നൽകിയ കടവിൽ തിരുമേനിയുടെ ദേഹവിയോഗ ശതാബ്ദി

കടവിൽ പൗലൂസ് മാർ അത്താനാസ്യോസ് (1833-1907)

കോട്ടയം ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്തായും കുഴിമറ്റം സെന്റ് ജോർജ്ജ് ഓർത്തഡോക്സ് പള്ളി സ്ഥാപനത്തിന് അനുവാദ കല്പന നൽകുകയും ചെയ്ത കടവിൽ പൗലോസ് മാർ അത്താനാസ്യോസ് തിരുമേനി വടക്കൻപറവൂർ കടവിൽ കൂരൻ അവിരാ വർക്കിയുടെ മകനായി 1833 വൃശ്ചികം 19 ന് ജനിച്ചു. ചേപ്പാട്ട് മാർ ദീവന്നാസ്യോസ് 1846 കുംഭം 10 ന് ശെമ്മാശുപട്ടവും യൂയാക്കീം മാർ കൂറിലോസ് 1854 മകരം 6-ന് കശ്ശീശാപട്ടവും നൽകി. കോട്ടയം പഴയസെമിനാരിയിൽ മല്പാനായിരുന്നു.

1876 ഡിസം. 3 ന് വടക്കൻപറവൂർ പള്ളിയിൽ വച്ച് പത്രോസ് തൃതീയൻ പാത്രിയർക്കീസ് മെത്രാപ്പോലീത്താ ആയി വാഴിച്ച് കോട്ടയത്തിന്റെ ചുമതല നല്കി. 1891 മാർച്ച് മുതൽ അങ്കമാലിയുടെ ചുമതലയും ലഭിച്ചു.

1907-ൽ ആലുവാ തൃക്കുന്നത്ത് സെമിനാരി സ്ഥാപിച്ചു. ഗീവറുഗീസ് പ്രഥമൻ കാതോലിക്കാ, ഗീവറുഗീസ് ദിതീയൻ കാതോലിക്കാ, ഔഗേൻ പ്രഥമൻ കാതോലിക്കാ, പാമ്പാടി മാർ ഗ്രീഗോറിയോസ്, പാറേട്ട് മാർ ഈവാനിയോസ് എന്നിവർക്ക് കശ്ശീശാപട്ടം നല്കി. മക്കാബിയർ, രൂത്ത്, തൂബിത്ത്, മസുമൂർ എന്നീ വേദപുസ്തക ഭാഗങ്ങൾ സുറിയാനിയിൽ നിന്ന് വിവർത്തനം ചെയ്തു. പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് ദിതീയൻ മലങ്കര മെത്രാപ്പോലീത്തായുടെ പൗരോഹിത്യ സുവർണ്ണ ജൂബിലിക്കമ്മറ്റിയുടെ അധ്യക്ഷൻ ആയിരുന്നു.

1907 നവം. 2 ന് കാലം ചെയ്തു. ആലുവ തൃക്കുന്നത്തു സെമിനാരിയിൽ കബറടങ്ങി. **- ജോർജിയൻ ടീം**

സഭയുടെ അംഗീകാരം...

(ഒന്നാം പേജിൽ നിന്നും തുടർച്ച)

ഭവന സന്ദർശനം, കുടുംബാരാധനായോഗം, ഓണാഘോഷ പരിപാടികൾ, കലാ കായിക മത്സരങ്ങൾ, പ്രകൃതി പഠനയാത്ര, വ്യക്തിത്വ വികസന ക്ലാസ്സ്, പള്ളി ശുചീകരണം, യുവജനദിനാഘോഷം,പിതൃപ്രണാമ നിശയും ചെറിയ പെരുന്നാളും, ഹെവൻലി നൈറ്റ് 2006, ചിക്കുൻ ഗുനിയാ ബോധവത്കരണവും പ്രതിരോധ മരുന്ന് വിതരണവും ശുചീകരണ പരിപാടികളും, എല്ലാ വാർഡുകളിലും കുടുംബാരാധനാ യോഗങ്ങൾ, വിദ്യാഭ്യാസ സ്കോളർഷിപ്പ്, ക്രിസ്തുമസ് മധുരം എന്ന പേരിൽ കേക്ക് വിപണനം, റിപബ്ലിക് ദിനാഘോഷം, സ്നേഹസാഹോദര്യജ്വാല, കവിതാ രചനാമത്സരം, പരിശുദ്ധ ബാവാ തിരുമേനിയുടെ ജന്മദിനാഘോഷം, വചനാത്മഘോഷം, പ്രസ്ഥാനം കോട്ടയം ഭദ്രാസന പരിപാടിയായ "മധുര ജീവിതത്തിന്റെ പ്രകാശ മുഖങ്ങളിലേയ്ക്ക്" എന്ന കുടുംബ നവീകരണ സെമിനാർ, പള്ളം ഡിസ്ട്രിക്ട് യൂത്ത് ഫെസ്റ്റ്, പ്രസ്ഥാനാംഗങ്ങളുടെ വായനാശീലം വളർത്തുവാൻ ജോർജിയൻ ക്രിസ്തീയ ലൈബ്രറി, ചർച്ചാവേദി, ധ്യാനവേദി, പ്രസംഗവേദി, പഠന വേദി, സയൻസ് ക്ലബ്ബ്, നേച്ചർ ക്ലബ്ബ്, ക്വിസ് ക്ലബ്ബ് തുടങ്ങി പുതുമയാർന്ന വിവിധ പരിപാടികൾ പ്രസ്ഥാനം വിജയകരമായി നടത്തിയതിന്റെയും ഭദ്രാസന കേന്ദ്ര പരിപാടികളിലെ സജീവ സാന്നിദ്ധ്യവുമാണ് കുഴിമറ്റം സെന്റ് ജോർജിനെ പുരസ്ക്കാരത്തിനർഹമാക്കിയത്.

റിപ്പോർട്ട് വർഷത്തെ പ്രവർത്തന പരിപാടികൾക്ക് ഫാ. ജയ് സഖറിയാ പ്രസിഡന്റും പി. ജെ. കുര്യൻ, ജോബി പി. ചെറിയാൻ എന്നിവർ വൈസ് പ്രസിഡന്റുമാരായും ഗീവർഗീസ് സി. ആർ. സെക്രട്ടറിയായും ഹാൻസ് ബാബു, റ്റിന്റു തോമസ് എന്നിവർ ജോയിന്റ് സെക്രട്ടറിമാരായുള്ള പ്രസ്ഥാനം ഭരണസമിതിയാണ് നേതൃത്വം നൽകിയത്. ◆

മഞ്ഞു പൊഴിയുന്ന വസന്തരാവിൽ.....
വിശുദ്ധിയുടെ പൂന്നിലാവായി.....
ആർത്തിരമ്പുന്ന തിരമാലകൾ പോലെ.....
ഹൃദയ സ്പന്ദനം തൊട്ടറിയുന്ന ഒരു കലാവിരുന്ന്.....

ജോർജിയൻ കലാ സാഹിത്യവേദി നിങ്ങൾക്കായി ഒരുക്കുന്നു

ഹെവൻലി നൈറ്റ് 2007

ക്രിസ്തുമസ് പുതുവത്സര പരിപാടി

2007 ഡിസംബർ 30 ഞായർ വൈകിട്ട് 6.15 മുതൽ
കുഴിമറ്റം പള്ളി പാരിഷ്ഹാളിൽ

ഞങ്ങളുടെ ഈവാനിയോസ് തിരുമേനി

കോട്ടയം ഭദ്രാസനാധിപൻ അഭിവന്ദ്യ ഗീവർഗീസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്താ കുഴിമറ്റം സെന്റ് ജോർജ്ജ് യുവജനപ്രസ്ഥാനാംഗങ്ങളുമായി ജീവിതാനുഭവങ്ങളും കാഴ്ചപ്പാടുകളും പങ്കുവയ്ക്കുന്നു

ഞാലിയാകുഴി മാർ ബസേലിയോസ് ദയറാ.... ദൈവത്തിന്റെ പൂന്തോട്ടം.... ഈ തോട്ടം ഇവിടെ നട്ടതും നനച്ചതും കോട്ടയം ഭദ്രാസന കുടുംബത്തിന്റെ നാഥനായ ഈവാനിയോസ് തിരുമേനിയാണ്. ഇവിടെ വിരിയുന്ന പുഷ്പങ്ങൾക്ക് പനിനീർ പൂക്കളേക്കാൾ വിശുദ്ധിയുണ്ട്. ഈ കുന്നിൻ ചെരുവിലെ ഇളം കാറ്റിലുമുണ്ട് വിശുദ്ധിയുടെ ഗന്ധം... ഇവിടെ നിൽക്കുമ്പോൾ നീ നിൽക്കുന്ന സ്ഥലം വിശുദ്ധമെന്ന് ആരോ മനസ്സിൽ മന്ത്രിക്കുന്നു..... ഇവിടെ സ്നേഹത്തിന് ദാരിദ്ര്യമില്ല.... അത് വിളമ്പികൊടുക്കുവാൻ തിരുമേനിയും ശിഷ്യഗണവുമുണ്ട് ഈ ആശ്രമത്തിൽ... ഈ ആശ്രമമുറ്റത്തെ ചെടികളും പൂക്കളും മാത്രമല്ല ഇവിടത്തെ നിശബ്ദതയും നമ്മോട് സംസാരിക്കുന്നുണ്ട്. അച്ചടക്കത്തെപ്പറ്റി.... പരിസ്ഥിതിയെപ്പറ്റി.... പ്രകൃതിസ്നേഹത്തെപ്പറ്റി.... വിശുദ്ധ ജീവിത നിഷ്ഠകളെപ്പറ്റി.... രവിശങ്കറിന്റെ ജീവനരീതിയും ഓഷേയുടെ സിദ്ധാന്തങ്ങളും ഇവിടെ ഇല്ല. ക്രൂശിനെ നോക്കി ഒരു തീർത്ഥയാത്ര.... സ്വർഗ്ഗീയ കനാനിലേക്ക് ഒരു വിശുദ്ധയാത്ര.... ഈ പാത ഇവിടെ നിന്നും ആരംഭിക്കുന്നു... ഈവാനിയോസ് തിരുമേനി എന്ന ഇടയൻ നമ്മെ നയിക്കുകയാണ്... ആത്മീയ പിതാവായി... ഗുരുവായി.... തിരുമേനി നമ്മോട് സംസാരിക്കുകയാണ്.... ദൈവവിളിയെപ്പറ്റി.... ജീവിതാനുഭവങ്ങളെപ്പറ്റി..... പിന്നെ നമ്മൾ പിതാവിനെപ്പറ്റി അറിയുവാൻ ആഗ്രഹിക്കുന്ന എല്ലാ കാര്യങ്ങളെപറ്റിയും.....

നിറം മങ്ങാത്ത ബാല്യകാല സ്മരണകൾ...

എന്റെ നാട് ഓതറയാണ്. അമ്മവീട് നിരണവും. പക്ഷേ രണ്ട് സ്ഥലത്തും താമസിക്കുവാൻ സാധിച്ചില്ല. എന്റെ പിതാവ് റയിൽവേ ഉദ്യോഗസ്ഥൻ ആയിരുന്നു. നാല് വയസ്സുവരെ തമിഴ്നാട്ടിൽ മധുരയിൽ താമസിച്ചു. പിതാവ് സ്ഥലം മാറി കൊല്ലത്തെത്തി. 21 വയസ്സ് വരെ ഞങ്ങൾ കൊല്ലത്ത് താമസിച്ചു. അവിടെ ഞാൻ പഠിച്ചു. ഞാൻ വളർന്ന നാട് കൊല്ലം ആണ്. എന്റെ മാതാപിതാക്കൾ മാർത്തോമാ സഭക്കാരായിരുന്നു. മാർത്തോമാപള്ളി വീട്ടിൽ നിന്നും വളരെ ദൂരെ ആയിരുന്നു. അതുകൊണ്ട് ചെറുപ്പത്തിൽ അടുത്തുള്ള ഒരു സി. എസ്. ഐ. പള്ളിയിൽ ആരാധനയിൽ പങ്കെടുക്കുകയും സൺഡേ സ്കൂളിൽ പഠിച്ചും പോന്നു. ഞങ്ങൾ നാല് ആണും ഒരു പെണ്ണും ആയിരുന്നു. ഞാൻ മൂന്നാമത്തെ ആൾ. എന്റെ പിതാവിന്റെ സഹോദരിമാരെ ഓർത്തഡോക്സ് സഭയിലാണ് വിവാഹം കഴിച്ച് വിട്ടത്. അവർ വീട്ടിൽ വരുമ്പോൾ നമസ്ക്കാര ക്രമം കൊണ്ടുവരുമായിരുന്നു. ഞങ്ങളെ പിടിച്ചിരുത്തി പ്രാർത്ഥിപ്പിക്കും. അന്ന് നിലവിളക്കിന്റെ വെളിച്ചത്തിലാണ് പ്രാർത്ഥന. അങ്ങനെ ഞാൻ എല്ലാ പ്രാർത്ഥനകളും പഠിച്ചു. വീട്ടിൽ മേശക്കുള്ളിൽ ഒരു വി. കുർബാനക്രമം ഉണ്ടായിരുന്നു. ഞാൻ അത് മറിച്ച് നോക്കുമായിരുന്നു. അന്ന് കൃംതാ, സ്ലീബാ എന്നൊക്കെ അതിൽ കാണുമ്പോൾ എന്താണെന്ന് അറിയില്ലായിരുന്നു. മാവിമാരാണ് നോമ്പ് നോക്കണം, ഉപവസിക്കണം എന്നൊക്കെ എന്നെ പഠിപ്പിച്ചത്.

ഓർത്തഡോക്സ് വിശ്വാസത്തിൽ ആകൃഷ്ടനായി...

ചെറുപ്പത്തിൽ ധാരാളം പ്രസംഗം കേട്ടു, പാട്ടുപാടി. എല്ലാം നല്ലതായിരുന്നു പക്ഷേ പ്രയോജനം ഉണ്ടായില്ല. എല്ലാം കേൾക്കാൻ കൊള്ളാം. ഒന്നും സ്വാധീനിച്ചില്ല. ആഴമില്ലാത്ത ക്രിസ്തീയ ജീവിതം, അവിടെ ജീവിത പ്രശ്നങ്ങളെ നേരിടണം എന്നു മാത്രമേ പഠിപ്പിക്കുന്നുള്ളു. എങ്ങനെ നേരിടണം എന്ന് പഠിപ്പിക്കുന്നില്ല. ഓർത്തഡോക്സ് സഭയിൽ മാത്രമേ ഉപവസിക്കണമെന്നും പ്രാർത്ഥിച്ച് നോമ്പ് നോറ്റ് പ്രശ്നങ്ങൾ നേരിടണം എന്നും പഠിപ്പിക്കുന്നത്.

ഞാൻ പ്രീഡിഗ്രി കഴിഞ്ഞ നാളുകൾ. കൊല്ലത്ത് T K M Engineering College തുടങ്ങിയ കാലം. എന്നെ എൻജിനീയറിംഗിന് ചേർക്കണം എന്ന് പിതാവ് ആഗ്രഹിച്ചു. സെക്കന്റ് ചാൻസായതിനാൽ അഡ്മിഷൻ കിട്ടുവാൻ പ്രയാസമായിരുന്നു. അഡ്മിഷൻ കിട്ടുവാൻ മൂന്ന് ദിവസം നോമ്പ് എടുക്കണം എന്ന് പിതാവ് എന്നോട് ആവശ്യപ്പെട്ടു. അന്ന് നോമ്പ് എടുക്കുവാൻ എനിക്ക് മടിയാണ്. ആദ്യ ദിവസം രാവിലെ 10 മണി ആയപ്പോൾ തന്നെ ഞാൻ കാപ്പി കുടിച്ചു. എന്റെ അമ്മ എന്നെ വളരെ അധികം ശാസിച്ചു "ഒരു നേരം പോലും ഉപവസിക്കുവാൻ മടിയാണോ. അത്രക്ക് ഭക്ഷണ പ്രിയനായി പോയോ എന്റെ മകൻ." ഞാൻ വളരെ വിഷമിച്ചു. ആ ശാസനയാണ് എന്നെ ഉപവസിക്കുവാൻ പ്രേരിപ്പിച്ചത്. അത് വഴിത്തിരിവായി. പിന്നെ സ്വയം നോമ്പ് നോക്കുവാൻ തുടങ്ങി. അത് ശീലമായി. അതിന്റെ അനുഗ്രഹവും സംതൃപ്തിയും ഞാൻ അനുഭവിച്ചറിഞ്ഞു. ഈ അനുഭവത്തിനു ശേഷം ഞാൻ ക്രമമായി ഉപവസിക്കുവാനും കുമ്പിടുവാനും തുടങ്ങി.

എൻജിനീയറിംഗ് പഠിക്കുവാൻ എനിക്ക് താൽപര്യം ഉണ്ടായിരുന്നില്ല. അതുകൊണ്ട് പോയില്ല. ഡിഗ്രിയ്ക്ക് പഠിക്കുന്ന കാലം. കൂറിലോസ് തിരുമേനിയുടെ (കാലം ചെയ്ത മാത്യൂസ് ദിതീയൻ ബാവ) അരമനപ്പള്ളിയിലെ സുഹൃത്തുക്കളുമായി ബന്ധപ്പെട്ടു. ഞാൻ അവരുടെ പള്ളിയിൽ പോകുവാൻ തുടങ്ങി. അവരുടെ മദ്ബഹായിൽ കയറി. കൂറിലോസ് തിരുമേനിയെ അങ്ങനെ ആണ് പരിചയപ്പെടുന്നത്. ബി. എസ്. സി. കഴിഞ്ഞ് എൻജിനീയറിംഗിന് പോകണം എന്നായിരുന്നു പിതാവിന്റെ ആഗ്രഹം. എനിക്ക് സെമിനാരിയിൽ ചേരണം എന്നും.

പ്രതീക്ഷിക്കാതെ....

ഒട്ടും പ്രതീക്ഷിക്കാതെയാണ് എനിക്ക് ഇംഗ്ലണ്ടിൽ പോകുവാൻ അവസരം ലഭിച്ചത്. കൂറിലോസ് തിരുമേനിയാണ് എന്നെ അവിടേക്ക് അയച്ചത്.

കൗളി ഫാദേഴ്സ് എന്ന ആംഗ്ലിക്കൻ ആശ്രമത്തിൽ ചേർന്നു. Oxford യൂണിവേഴ്സിറ്റിയിൽ ചേർന്ന് പഠനം ആരംഭിച്ചു. ആശ്രമ പ്രസ്ഥാനത്തിൽ നിന്നാണ് ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റി രൂപം പ്രാപിച്ചത്. M. Sc. Physics പഠിക്കണം എന്ന് എന്റെ പിതാവ് പറഞ്ഞു. എനിക്ക് പഠിക്കുവാൻ താൽപര്യം തിയോളജിയും. കൂടെ സുറിയാനി പഠിക്കണമെന്നും. ഓറിയന്റൽ ഭാഷകളായി എബ്രായ, ആരാമിക്ക് കൂടെ സുറിയാനിയും പഠിച്ചു. ഗ്രീക്കും ഹീബ്രൂവും പഠിച്ചു. അവിടെ ഗ്രീക്ക് പള്ളികൾ ഉണ്ടായിരുന്നു. കൂട്ടായ്മകളിൽ പങ്കെടുത്തു. എട്ടു വർഷം ഞാൻ ആശ്രമവാസിയായി. ആശ്രമത്തിൽ ഏറെയും പ്രായമുള്ളവരും ജീവിതനിഷ്ഠയുള്ളവരും ആയിരുന്നു. മരിച്ചുപോയ ആശ്രമവാസികൾ ഉപയോഗിച്ച ചെരുപ്പുകളും വസ്ത്രങ്ങളും ആണ് ഞങ്ങൾ ധരിച്ചിരുന്നത്.

ഗുരുവായി പഴയസെമിനാരിയിലേക്ക്....

ആ സമയത്താണ് ഫിലിപ്പോസ് മാർ തെയോഫിലോസ് തിരുമേനി ഇംഗ്ലണ്ടിൽ എത്തിയതും ഞാൻ കാണുവാൻ ഇടയായതും. തിരുമേനി എന്നോട് ചോദിച്ചു "Are you prepared to come to Seminary?" പ്രാർത്ഥിച്ച്, ആലോചിച്ച് പറഞ്ഞാൽ മതിയെന്ന് തിരുമേനി പറഞ്ഞു. ഞാൻ ഉടൻ തന്നെ സമ്മതം എന്ന് മറുപടി പറഞ്ഞു. കൂറിലോസ് തിരുമേനിക്ക് ഞാൻ കത്തെഴുതി. ഞാൻ തിരിച്ചു വരികയാണ്. കൊട്ടാരക്കരയിൽ പഠിപ്പിക്കുവാനല്ല പഴയ സെമിനാരിയിൽ പഠിപ്പിക്കുവാൻ ആണെന്ന്. തിരുമേനിക്ക് സങ്കടം ആയി. 1971-ൽ അങ്ങനെ സെമിനാരിയിൽ എത്തി. 1972-ൽ വൈദികനായി. സെമിനാരി വാർഡനായി, അദ്ധ്യാപകനായി. ഗ്രീക്ക്, വാർഡനിംഗ്, ഗാർഡനിംഗ് ഇത് മൂന്നും സെമിനാരി വിദ്യാർത്ഥികൾക്ക് ഇഷ്ടമല്ലായിരുന്നു. ഞാൻ അവരെ ശാസിച്ച് ഗ്രീക്ക് പഠിപ്പിക്കുമായിരുന്നു. അതിനാൽ അവരിൽ എല്ലാവർക്കും എന്നോട് നീരസമായി. ചെടികളോട് എനിക്ക് വളരെ സ്നേഹമാണ്. ഞാൻ മെത്രാപ്പോലീത്താ ആയ ശേഷവും പണം ചിലവാക്കി സെമിനാരിയിൽ ചെടികൾ പരിപാലിച്ചു പോന്നു. സെമിനാരിയിൽ നിന്നും കാരാപ്പുഴ പള്ളിയിൽ പോയി വി. കുർബ്ബാന അർപ്പിക്കുന്നതല്ലാതെ പുറംലോകവുമായി എനിക്ക് യാതൊരു ബന്ധവും ഇല്ലായിരുന്നു. ഞാൻ ആർക്കും പരിചിതനുമല്ലായിരുന്നു.



മരണനിഴലിൻ താഴ്വരയിൽ.....

സെമിനാരി അദ്ധ്യാപകനായിരുന്ന കാലം. കാരാപ്പുഴ പള്ളിയിൽ സൺഡേസ്കൂൾ കെട്ടിടം പണി ആരംഭിച്ച സമയം. പെട്ടെന്ന് അസുഖം ബാധിച്ചു. കോലഞ്ചേരി ആശുപത്രിയിൽ പോയി ഒരാഴ്ച കിടന്നു. 3500 രൂപ ആയി. അന്ന് കയ്യിൽ പണമില്ല. പലരും സഹായിച്ച് ബിൽ അടച്ചു. ബർണ്ണബാസ് തിരുമേനി പറഞ്ഞ് അവർ 10 രൂപ കുറച്ച് തന്നു. ഞാൻ സെമിനാരിയിലേക്ക് മടങ്ങി. അവിടെ അന്ന് തെയോഫിലോസ് തിരുമേനി ഉണ്ടായിരുന്നു. തിരുമേനി ചിലവായ പണം മുഴുവൻ തന്നു. അടുത്ത ആഴ്ച ഞാൻ വീണ്ടും കാരിത്താസിൽ അഡ്മിറ്റായി. അവിടേയും മൂവായിരം രൂപയോളം ആയി. തിരുമേനി തന്ന പണം അവിടെ ചിലവായി. അവർ എനിക്ക് ക്യാൻസർ രോഗമാണെന്ന് കണ്ടുപിടിച്ചു. ജോഷ്വാ അച്ചൻ വെല്ലൂരിൽ പോകുന്ന കാര്യം ആവശ്യപ്പെട്ടു. ഡോ. പത്രോസ് മത്തായി അടയാറിൽ നല്ല ചികിത്സ കിട്ടുമെന്ന് പറഞ്ഞു. അവിടേക്ക് പോകുവാൻ തീരുമാനിച്ചു. തീവണ്ടിക്കൂലി 200 രൂപ ആയിരുന്നു. ഞാൻ പലരോടും കടം ചോദിച്ചു. പലർക്കും തരുവാൻ മടി ആയിരുന്നു. ക്യാൻസർ രോഗിയായ എന്റെ കയ്യിൽ നിന്നും തിരിച്ചു കിട്ടില്ല എന്ന് കരുതിയാവും. അവസാനം സെമിനാരിയിൽ നിന്നും കിട്ടിയ പണവുമായി ഞാൻ അടയാറിൽ എത്തി. ചികിൽസ സൗജന്യമായി ലഭിച്ചു. മരുന്നുകളും കുത്തിവയ്പും എന്നെ തളർത്തി. ചർദ്ദി ഒഴിവാക്കാൻ ഗ്ലൂക്കോസ് കഴിക്കുവാൻ എന്നോട് പറഞ്ഞു. കോശിക്കുഞ്ഞ് എല്ലാ ദിവസവും കരിമ്പിൻനീര് കൊണ്ടുവരുമായിരുന്നു. അതുകുടിച്ചു വന്നു. എന്റെ സ്ഥിതി ദിനം തോറും മോശമായി വന്നു.

ഒരു ദിവസം ഞാൻ വളരെ ക്ഷീണിതനായി. അന്ന് കരിമ്പിൻനീര് കടയിൽ കിട്ടിയില്ല. അന്ന് വൈകിട്ട് എന്റെ ബോധം മറഞ്ഞു. ഞാൻ മരിച്ചുപോകും എന്ന സ്ഥിതി എത്തി. സഭയിൽ എല്ലാവരും എനിക്കായി പ്രാർത്ഥിച്ചു. സെമിനാരിയിൽ എന്റെ മരണാന്തര ശുശ്രൂഷക്കായി ഒരുക്കം ആരംഭിച്ചു. ജോഷ്വാ അച്ചൻ കാപ്പയുമായി അടയാറിലേക്ക് പുറപ്പെടുവാൻ ഒരുങ്ങി. അന്നുവരെ എല്ലാ പരിശോധനയ്ക്കും വിധേയമാക്കിയ എന്റെ ഷുഗർ മാത്രം അവർ നോക്കിയില്ല. ഞാൻ ഡയബറ്റിക് കോമാ സ്റ്റേജിൽ എത്തി. 10 മിനിറ്റിനുള്ളിൽ ലാസ്റ്റ് റിസൾട്ട് പറയാം എന്ന് ഡോക്ടർമാർ പറഞ്ഞു. ആരോ പറഞ്ഞ് ഷുഗർ വീണ്ടും ടെസ്റ്റ് ചെയ്തു. ഷുഗർ കൗണ്ട് 1000 നു മുകളിൽ ആയിരുന്നു. പെട്ടെന്ന് അവർ ഗ്ലൂക്കോസ് മാറ്റി. മറുമരുന്ന് നൽകി. എന്റെ സ്ഥിതി മെല്ലെ മെച്ചപ്പെട്ടുവന്നു. ദിവസങ്ങൾ കൊണ്ട് ഞാൻ പഴയസ്ഥിതി വീണ്ടെടുത്തു. ഷുഗർ കൂടി രക്തം വിഷമായതിനാൽ ക്യാൻസർ അണുക്കൾ ശരീരത്തിലെ നശിച്ചുപോയി എന്നാണെന്റെ വിശ്വാസം. അങ്ങനെ ഞാൻ ക്യാൻസർ രോഗത്തിൽ നിന്നും മുക്തി പ്രാപിച്ചു. അന്ന് കരിമ്പിൻനീര് കിട്ടിയിരുന്നെങ്കിൽ ഞാൻ മരിച്ചു പോകുമായിരുന്നു. കിട്ടാഞ്ഞതു ദൈവാനുഗ്രഹമായി. ഷുഗർ വർദ്ധിച്ച് രക്തം വിഷമായതുകൊണ്ട് ക്യാൻസർ അണുക്കൾ നശിച്ചുപോയി എന്നു ഞാൻ വിശ്വസിക്കുന്നു. അതും ദൈവാനുഗ്രഹം. ദൈവം എന്നെ കരുതി രക്ഷപെടുത്തി. പ്രാർത്ഥനയുടെയും നോമ്പിന്റെയും ഉപവാസത്തിന്റെയും ശക്തി ഞാൻ മനസ്സിലാക്കി. അതിന്റെ പ്രതിഫലം തിരികെ ലഭിച്ചു. സ്വർഗ്ഗീയ ബാങ്കിൽ അനുഗ്രഹങ്ങൾ ഡിപ്പോസിറ്റായി കിടക്കും. നമുക്ക് ആവശ്യമുള്ളപ്പോൾ ദൈവം ആ അനുഗ്രഹങ്ങൾ നമുക്ക് തിരികെ നൽകും. അവിടെ കള്ളൻ കയറില്ല, തുരുമ്പെടുക്കുകയില്ല, പുഴു കയറുകയുമില്ല. ഇന്ന് പ്രാർത്ഥനയാണ് എന്റെ ചികിൽസയും മരുന്നും.

തിരികെ നാട്ടിലേക്ക്

ഞാൻ തിരികെ നാട്ടിലെത്തി. എന്റെ ശരീരം ശോഷിച്ചു മുടിയും മീശയും കൊഴിഞ്ഞുപോയി. അങ്ങനെയിരിക്കെ വട്ടക്കുന്നേൽ ബാവാതിരുമേനി അപ്രതീക്ഷിതമായി മറ്റൊരു ചോദ്യം എന്നോട് ചോദിച്ചു: 'റമ്പാനാക്കി പരുമലയിൽ ഇരുത്തുവാൻ ആഗ്രഹമുണ്ട്. എന്തു പറയുന്നു' എന്ന്. ഞാൻ സമ്മതം പറഞ്ഞു. അങ്ങനെ 7 വർഷം റമ്പാനായി പരുമലയിൽ. അങ്ങനെ പരിശുദ്ധ പരുമല തിരുമേനിയുടെ കബറിടത്തിൽ പ്രാർത്ഥിക്കുവാനും ഒപ്പം സെമിനാരിയിൽ പഠിപ്പിക്കുവാനും സാധിച്ചു. ആ സമയത്താണ് എപ്പിസ്ക്കോപ്പൽ തിരഞ്ഞെടുപ്പ്. ഞാൻ മത്സരിക്കണമെന്ന് പലരും പറഞ്ഞു. 'ഇത് അപേക്ഷ നൽകി കിട്ടേണ്ട ഒന്നല്ല. ദൈവനിയോഗത്താൽ ലഭിക്കേണ്ടതാണ്' എന്ന് എന്നെ സമീപിച്ചവരോട് ഞാൻ പറഞ്ഞു. 30 പേർ ഒപ്പിട്ട ഒരു നോമിനേഷനുമായി സ്നേഹിതർ എന്റെ അടുത്തെത്തി. ഞാൻ ഒപ്പിട്ട് നൽകണം എന്നതായിരുന്നു അവരുടെ ആവശ്യം. ഞാൻ അത് വാങ്ങി കൈയിൽ വച്ചു. മത്സരിച്ചുമില്ല. ഞാൻ വീണ്ടും ചികിൽസക്കായി അടയാറിലേക്ക് പോയി. തിരികെ എത്തിയപ്പോഴാണ് എന്നെ മെത്രാപ്പോലീത്താ സ്ഥാനത്തേക്ക് വട്ടക്കുന്നേൽ ബാവാ തിരുമേനി നോമിനേറ്റ് ചെയ്തതായി അറിഞ്ഞത്. അങ്ങനെ എന്നേയും മേല്പട്ട സ്ഥാനത്തേക്ക് ഉയർത്തി. ഈവാനിയോസ് എന്ന നാമം സഭ എനിക്ക് നൽകിയതാണ്. ദൈവത്തിന്റെ ദാനം എന്നാണ് ആ വാക്കിന്റെ അർത്ഥം. എല്ലാം ദൈവാനുഗ്രഹം മാത്രം.

ദൈവത്തിന്റെ ഉദ്യാനം

കോട്ടയം ഭദ്രാസന മെത്രാപ്പോലീത്താ ആകും എന്ന് ഞാൻ കരുതിയില്ല. പരിശുദ്ധ പാമ്പാടി തിരുമേനിയുടെ പിൻഗാമി ആകുവാൻ സാധിച്ചത് വലിയ ദൈവകൃപയായി ഞാൻ കരുതുന്നു. എല്ലാ ഭദ്രാസനങ്ങൾക്കും

(ശേഷം നാലാം പേജിൽ)

എഡിറ്റോറിയൽ

ഇനിയും മുന്നേറുവാൻ ഒരുപാട് ദൂരം...

മലങ്കര ഓർത്തഡോക്സ് സഭയിലെ ഏറ്റവും മികച്ച യുവജനപ്രസ്ഥാനമായി നമ്മുടെ യുവജനപ്രസ്ഥാനത്തെ തിരഞ്ഞെടുത്തത് ക്രിയാത്മകതയുടെ കൂട്ടായ്മയ്ക്കുള്ള സഭയുടെ അംഗീകാരമായിട്ടാണ്. നാം ഉൾപ്പെടുന്ന കോട്ടയം ഭദ്രാസനത്തെ മികച്ച ഭദ്രാസനമായും മികച്ച ഭദ്രാസന സെക്രട്ടറിയായി സാം വർഗീസിനെയും തിരഞ്ഞെടുത്തത് നമ്മുടെ നേട്ടത്തിന് നിറപ്പകിട്ടാർന്നു.

ചരിത്രത്തിന്റെ ഇതളുകളിൽ എന്നും സ്വർണ്ണലിപികളിൽ എഴുതപ്പെടുന്ന 'മികച്ച യൂണിറ്റ്' ', 'മികച്ച ഭദ്രാസനം' തുടങ്ങിയ അംഗീകാരങ്ങൾ പ്രവർത്തനങ്ങൾക്കും പ്രവർത്തകർക്കും ഉത്തേജനം നല്കുന്നതോടൊപ്പം ഉത്തരവാദിത്തത്തിന്റെ പുത്തൻ ശ്രേണിയെപ്പറ്റി നമ്മെ ഓർമ്മിപ്പിക്കുന്നു. യുവജനപ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾക്ക് എന്നും കൈത്താങ്ങലുകൾ നല്കുന്ന ഏവരോടുമുള്ള നന്ദി അറിയിക്കുന്നതോടൊപ്പം വരുംകാലങ്ങളിലും ഏവരുടെയും സഹകരണം പ്രതീക്ഷിക്കുന്നു.

ഉത്തരഭാരതത്തിലെ ഗ്രാമങ്ങളിൽ മിഷൻ പ്രവർത്തനങ്ങളുമായി സ്നേഹത്തിന്റെ സന്ദേശം വിളിച്ചോതിയ കാലം ചെയ്ത ഡോ. സ്തേഫാനോസ് മാർ തേവോദോസ്യോസ് തിരുമേനിയുടെ വേർപാടിൽ ജോർജിയന്റെ ആദരാഞ്ജലികൾ അർപ്പിക്കുന്നതോടൊപ്പം സ്വർഗ്ഗീയ മഹോന്നതങ്ങളിൽ വിശുദ്ധ മാലാഖമാരോടും പൂർവ്വപിതാക്കന്മാരോടൊപ്പം ഈ പിതാവ് ദൈവസന്നിധിയിൽ നമുക്കുവേണ്ടി മദ്ധ്യസ്ഥത അണയ്ക്കുമ്പോൾ അദ്ദേഹത്തിന്റെ സ്വപ്നങ്ങൾ പൂവണിയിക്കുക വഴി അദ്ദേഹത്തോടുള്ള കടമ നമുക്ക് നിർവ്വഹിക്കാം.

വീണ്ടും ഒരു ക്രിസ്തുമസും പുതുവത്സരവും എത്തിച്ചേർന്നിരിക്കുകയാണ്. ലഹരിയുടെ ആഘോഷമായി മാറുന്നതിനു പകരം മാനവരക്ഷയ്ക്കായി കാലിത്തൊഴുത്തിൽ പിറന്ന ക്രിസ്തുദേവന്റെ ജനനപെരുന്നാളും പുതുവത്സരവും സമാധാനത്തിന്റെ മഹാസന്തോഷം വിതറുന്ന ഒരു ആഘോഷമായിത്തീരട്ടെ എന്ന് പ്രാർത്ഥിക്കുന്നതോടൊപ്പം ഏവർക്കും ക്രിസ്തുമസ് പുതുവത്സര ആശംസകൾ നേർന്നുകൊണ്ട്

നിങ്ങളുടെ

ഗീവർഗീസ് സി. ആർ.

(എഡിറ്റർ)

ജോർജിയൻ

രക്ഷാധികാരി

ഫാ. പി. എ. തോമസ് കളരിക്കൽ

എഡിറ്റർ

ഗീവർഗീസ്. സി. ആർ ചിറപ്പുറം

എഡിറ്റോറിയൽ ബോർഡ്

രഞ്ജു കെ. മാത്യു,
കരോട്ടു പുത്തൻപുരയ്ക്കൽ
സിജിത്ത് കുന്നപ്പള്ളി, നീലഞ്ചിറ
ജിജോമോൻ പി. എസ്, പാറപ്പറമ്പിൽ
ജോൺസൺ പി. ഏബ്രഹാം, പാലമൂട്ടിൽ
ശ്രുതി മറിയം ബാബു, മാമ്മൂട്ടിൽ
ലോയിസ് അന്നാ റോബി, കാരാണിക്കുളം
റെയ്നി തോമസ്, പാട്ടത്തിൽ

വിശുദ്ധിയുടെ പടവുകളിൽ...

(മൂന്നാം പേജിൽ നിന്നും തുടർച്ച)

ആശ്രമങ്ങൾ ഉണ്ട്. കോട്ടയം ഭദ്രാസനത്തിന് മാത്രം അതില്ലല്ലോ എന്ന് എന്നെ സങ്കടപ്പെടുത്തി. വട്ടക്കുന്നേൽ ബാവാ തിരുമേനി ഞാലിയാകുഴിയിലുണ്ടായിരുന്ന സ്ഥലം വീണ്ടെടുക്കുകയും ആ സ്ഥലത്തിന് ഹെർമ്മോൻ മൗണ്ട് എന്ന് പേരിടുകയും ചെയ്തു. അവിടെ ഒരു ദയറാ തുടങ്ങണമെന്ന് ആഗ്രഹിച്ചു. മാർ ബസേലിയോസ് ദയറാ എന്ന് പേരിട്ടു. ഈ സ്ഥലം കാലക്രമത്തിൽ എന്റെ ചുമതലയിൽ തന്നു. അതിനു ശേഷം അടുത്തുള്ള സ്ഥലങ്ങൾ വാങ്ങി. ഇവിടെ വൈദികസെമിനാരിയിൽ ചേരുവാൻ ആഗ്രഹിക്കുന്നവർക്ക് പരിശീലനം നൽകുന്നു. അവരിൽ സന്യാസ ജീവിതം ആഗ്രഹിക്കുന്നവർ ഈ ദയറായിൽ അംഗങ്ങളായി ചേരുന്നു. പത്ത് വർഷം കൊണ്ട് ഈ ആശ്രമം ദൈവകൃപയാൽ വളർന്നു. ധാരാളം പേർ വൈദീകവൃത്തിയിലേക്ക് വന്നു. ധാരാളം പേർ സന്യാസജീവിതം തെരഞ്ഞെടുത്തു. അത് വലിയ കാര്യമാണ്. ഇനിയും ധാരാളം ചെറുപ്പക്കാർ കടന്നുവരണം. സന്യാസ ജീവിതത്തെപ്പറ്റി പഠിക്കണം. ഈ ആശ്രമ വാസികൾ ആകണം.

ഗാർഡനിംഗ് എനിക്ക് എന്നും ഇഷ്ടമാണ്. അതുകൊണ്ട് ഞാൻ ഇവിടെ ധാരാളം ചെടികൾ വളർത്തുന്നു. ദൈവത്തിന്റെ മഹത്വം ഈ പ്രകൃതിയിലൂടെ നമുക്ക് ദർശിക്കാം. നാം പ്രകൃതിയെ സ്നേഹിക്കാനും പരിസ്ഥിതിയെ സംരക്ഷിക്കുവാനും പഠിക്കണം.

എന്റെ വീക്ഷണങ്ങൾ.....

വെടിയും ചെണ്ടയും നമുക്ക് വേണ്ട

വെടിയും ചെണ്ടമേളവും നമ്മുടെ പെരുന്നാളുകൾക്ക് ആവശ്യമില്ല എന്ന് ഞാൻ കൽപനയിലൂടെ എല്ലാവരെയും അറിയിച്ചതാണ്. ചെണ്ടമേളം വിഗ്രഹാരാധയ്ക്കുള്ളതാണ്. സത്യാരാധനയ്ക്കുള്ളതല്ല. കർത്താവ് ക്രൂശിൽ മരിച്ചത് വിഗ്രഹാരാധനയിൽ നിന്നും നമ്മെ രക്ഷിക്കുവാനാണ്. ആ കുരിശും പിടിച്ച് കുരിശിനിട്ട് വെടിവയ്ക്കുന്നതും കുരിശിനെതിരായി ചെണ്ട കൊട്ടുന്നതും കുരിശിനെ ബഹുമാനിക്കാനാണോ, അപമാനിക്കാനാണോ? മനുഷ്യരക്ഷയുടെ രഹസ്യം ലോകത്തിന് കാണിച്ചുകൊടുക്കാനാണ് പ്രദക്ഷിണം നടത്തുന്നത്. ഇന്ന് പകർച്ചവ്യാധി ഒഴിയുന്നുണ്ടോ? നമ്മുടെ കാലാവസ്ഥ തെറ്റിയില്ലേ? മോശ സീനായ് മലയിൽ കയറി. തിരികെ വരുവാൻ താമസിച്ചപ്പോൾ ജനം അഹറോനോട് മറ്റൊരു ദൈവത്തെ വേണം എന്നാവശ്യപ്പെട്ടു. അങ്ങനെ കാളക്കുട്ടിയെ നിർമ്മിച്ചു. മേളവും നൃത്തവും നടത്തി. അത് അവർക്ക് ശാപമായി. നമ്മുടെ സ്ഥിതിയും ഇന്ന് ഇതു തന്നെ. പാമ്പാടി തിരുമേനിയുടെ ഓർമ്മയ്ക്ക് പ്രദക്ഷിണം നടത്തുന്നത് അവിടെ കണ്ടിട്ടില്ലേ? മെഴുകുതിരി കത്തിച്ച് പാട്ട് പാടി എത്ര മാതൃകാപരമാണ്. അമ്പലങ്ങളിലെ ഉത്സവങ്ങൾ ദേവന്മാരുടെ ജന്മദിനങ്ങളാണ്. എന്നാൽ നമ്മുടെ പെരുന്നാളുകൾ ഓർമ്മപ്പെരുന്നാളുകളാണ്. അമ്പലങ്ങളിൽ ഉപയോഗിക്കുന്ന പാട്ടുകളും സിനിമാഗാനങ്ങളുമാണ് ശിങ്കാരിമേളത്തിന് ഉപയോഗിക്കുന്നത്. നാം ഇതൊന്നും ശ്രദ്ധിക്കാതെ തെറ്റു ചെയ്യുന്നു. ഗീവർഗ്ഗീസ് സഹദയുടെ ഓർമ്മപ്പെരുന്നാളിന് ശിങ്കാരിമേളം നടത്തിയാൽ പരിശുദ്ധ സഹദ പറയുമോ "നല്ല ശിങ്കാരിമേളം, ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടേ" എന്ന്. ദൈവത്തിന് വേണ്ടി ലോകസുഖങ്ങളെ ത്യജിച്ച പരിശുദ്ധനാണ് സഹദാ. പ. പൗലോസ് ശ്ലീഹാ ഫിലിപ്യ ലേഖനത്തിൽ (3:11) പറയുന്നു "കർത്താവിനെ നേടുവാൻ ഞാൻ സകലതും ചവറ് എന്ന് എണ്ണി." എല്ലാവരും നോക്കുന്നത് പുതുപ്പള്ളിയിൽ എന്തു നടക്കുന്നു എന്നാണ്. കർത്താവിനെ അല്ല നോക്കുന്നത്. ഇത് അനുഗ്രഹമല്ല. ഗീവറുഗീസ് സഹദായും കോഴിയും തമ്മിൽ എന്താണ് ബന്ധം? പരിശുദ്ധ സഹദായും വെടിയും ചെണ്ടയും തമ്മിൽ എന്താണ് ബന്ധം? എല്ലാവരും പാമ്പിനെ കണ്ടാൽ നേർച്ച ഇടും. എന്തൊരു ദുരാചാരങ്ങളാണ് ഇത്. ഗീവർഗ്ഗീസ് സഹദാ നമ്മുടെ ജീവിതത്തിലെ, നമ്മുടെ ഹൃദയത്തിലെ വിഷപാമ്പുകളെ ആണ് കൊല്ലുന്നത്. മാളത്തിലുള്ള പാമ്പിനെ അല്ല. നമ്മുടെ ഓർമ്മ പെരുന്നാളുകൾ അനുഗ്രഹീതമാകണം. ശിങ്കാരിമേളവും വെടിയും നമുക്ക് വേണ്ട. പുതിയ തലമുറ ക്രിസ്തുവിനെ നോക്കി വളരേണം. യുവജനങ്ങൾ ഇത് പഠിച്ച് മാതൃകാപരമായി പെരുന്നാളുകൾ നടത്തണം.

പദയാത്രകൾ പ്രഹസനമാക്കരുത്

പരുമലയിലേക്ക് എല്ലാ വർഷവും നാം പദയാത്ര നടത്താറുണ്ട്. ദിനവും പ്രാർത്ഥിക്കണം, വേദപുസ്തകം വായിക്കണം, നോമ്പ് നോക്കണം എന്ന് പരുമലതിരുമേനി പഠിപ്പിച്ചു. നാം അത് മറന്നു. പകരം വർഷത്തിൽ ഒരിക്കൽ പരുമലയിലേക്ക് പദയാത്ര ആരംഭിച്ചു. അച്ചടക്കമില്ലാത്ത അലക്ഷ്യമായ യാത്ര. ഭക്ഷണത്തിനായി ലക്ഷങ്ങൾ ചിലവിടുന്നു. കുട്ടികൾ പറയും പദയാത്രയ്ക്ക് പോയാൽ ഐസ്ക്രീം കിട്ടും എന്ന്. ലക്ഷക്കണക്കിന് പണം നമ്മുടേത് ചായക്കടയിൽ നഷ്ടപ്പെടുന്നു. എന്തെങ്കിലും പ്രയോജനം ഉണ്ടോ? പരുമലയിൽ ചെന്നാൽ സ്വസ്ഥമായി പ്രാർത്ഥിക്കുവാൻ നമുക്ക് സാധിക്കുന്നുണ്ടോ? എല്ലാവരും ഓരോ മൈക്കുമായിട്ടാണ് വരുന്നത്. എന്തൊരു ശബ്ദകോലാഹലം. പെരുന്നാളിന് കബറിടത്തിൽ ചെരിപ്പിട്ടുകൊണ്ടാണ് കയറുന്നത്. അത് ചെയ്യാതിരിക്കുവാൻ നമുക്ക് വേറെ സംവിധാനങ്ങൾ ഉണ്ടാക്കേണ്ടേ? കബറിടത്തിൽ കയറി ഇറങ്ങി എല്ലാവരും പോകുന്നത് പിന്നെ ഷോപ്പിങ്ങിനാണ്. നേർച്ച ഇടുന്നതിൽ കൂടുതൽ പണം അവിടെ ചെലവാക്കും. ഇത് നമുക്ക് അനുഗ്രഹമാണോ? ജീവിതം ഒരു പദയാത്രയാണ്. Daily we are moving to Kalvary. ക്രൂശിനെ നോക്കിയുള്ള യാത്ര. ആ യാത്ര അനുഗ്രഹകരമാക്കണം. പരുമല തിരുമേനിയുടെ ഓർമ്മയും പദയാത്രയും പ്രഹസനമാക്കരുത്.

തേവോദോസ്യോസ് തിരുമേനിയെപ്പറ്റി...

തിരുമേനി നല്ലതുപോലെ പ്രവർത്തിച്ചു. സഭയ്ക്ക് അഡ്രസ്സ് ഉണ്ടാക്കിക്കൊടുത്തു. നോർത്തിന്ത്യയിൽ നമുക്ക് പ്രവർത്തിക്കുവാൻ സാധിക്കും എന്ന് കാണിച്ചു തന്നു. കൽക്കട്ടാ ഭദ്രാസനത്തിൽ ധാരാളം പള്ളികൾ സ്ഥാപിച്ചു. സ്ഥാപനങ്ങൾ ആരംഭിച്ച് വളർത്തിയെടുത്തു. ആരും അവിടെ പോകുവാനില്ലാത്ത കാലത്ത് തിരുമേനി അവിടെ ചെന്ന് ചെയ്ത കാര്യങ്ങൾ അത്ഭുതപ്പെടുത്തുന്നവയായിരുന്നു. പക്ഷേ തിരുമേനിക്ക് വേണ്ട പിൻതുണ ലഭിക്കാതെ പോയി. ആരും അവിടെ സ്ഥിരമായി സേവനം ചെയ്യുവാൻ താൽപര്യപ്പെട്ടില്ല. അത് തിരുമേനിയെ സങ്കടപ്പെടുത്തി. യുവജനപ്രസ്ഥാനം പ്രവർത്തകർ ഭിലായിൽ പോകണം. കണ്ടുപഠിക്കുവാൻ അനേകം കാര്യങ്ങൾ അവിടെ ഉണ്ട് തിരുമേനിയുടെ സ്വപ്നമായ പാത്താമുട്ടം കോൺവെന്റ് ഭിലായി മിഷന്റെ കീഴിൽ വളർത്തിയെടുക്കണം.



സെന്റ് ജോർജ് യുവജനപ്രസ്ഥാനാംഗങ്ങൾ തിരുമേനിയോടൊപ്പം

ജന്മദിന നിറവിൽ....

ഈവാനിയോസ് തിരുമേനിയുടെ 67-ാം പിറന്നാൾ ദിനമായ നവംബർ 14-ാം തീയതിയാണ് കുഴിമറ്റം സെന്റ് ജോർജ് യുവജനപ്രസ്ഥാനാംഗങ്ങൾ തിരുമേനിക്ക് ആശംസകൾ അർപ്പിക്കുവാൻ എത്തിയതും തിരുമനസ്സിന്റെ അനുഗ്രഹ വചനങ്ങൾക്കും ജീവിതാനുഭവങ്ങൾക്കും കാതോർത്തതും.

തിരുമേനി തുടർന്നു...

ഓർത്തഡോക്സ് വിശ്വാസത്തിൽ ബർത്ത്ഡേ ഇല്ല. നേയിംസ് ഡേയാണ് ഉള്ളത്. ഏത് പരിശുദ്ധന്റെ നാമമാണോ നമുക്ക്, ആ പരിശുദ്ധന്റെ ഓർമ്മദിനമാണ് നമ്മുടെ നേയിംസ് ഡേ. എന്റെ പരിശുദ്ധൻ മാർ ഈവാനിയോസ് ആണ്. സ്വർണ്ണനാവുകാരൻ മാർ ഈവാനിയോസ്. ആ പിതാവിന്റെ ഓർമ്മ നവം. 13 ആണ്. രണ്ട് സുദിനങ്ങളും അടുത്ത് വന്നു.

കുശലാന്വേഷണങ്ങൾ.....

തിരുമേനി ചോദിക്കുന്നു, ഈ വർഷവും ബെസ്റ്റ് യൂണിറ്റ് കിട്ടുമോ? ബെസ്റ്റ് യൂണിറ്റ് ലഭിച്ച കുഴിമറ്റം സെന്റ് ജോർജ് യുവജനപ്രസ്ഥാനത്തെ അനുമോദിക്കുവാൻ തിരുമേനി കുഴിമറ്റം പള്ളിയിൽ എത്തി. അഭിനന്ദനങ്ങൾക്കൊപ്പം സമ്മാനം നൽകുവാനും തിരുമേനി മറന്നില്ല.

ജന്മദിന ആശംസകളുമായി എത്തിയ ഞങ്ങൾക്ക് തിരുമേനി മധുരം വിളമ്പി. തിരുമേനിയുടെ വായനാമുറിയിൽ കൊണ്ടുപോയി. അമേരിക്കയിൽ നിന്നും വരുത്തിയ ഓർത്തഡോക്സ് പുസ്തകങ്ങൾ പരിചയപ്പെടുത്തി. ഐക്കണുകൾ ചൂണ്ടിക്കാട്ടി അവയുടെ പ്രാധാന്യം വിവരിച്ചു തന്നു. തിരുമേനി ഒപ്പിട്ട പുസ്തകങ്ങൾ പ്രസ്ഥാനാംഗങ്ങൾക്ക് നൽകി ശ്രദ്ധാപൂർവ്വം വായിച്ച് ജോർജിയനിൽ പ്രസിദ്ധീകരിക്കണം എന്ന് കൽപ്പിച്ചു. കുടുംബഫോട്ടോകളും അതിലെ അംഗങ്ങളെയും പരിചയപ്പെടുത്തി. ജോർജിയൻ ലൈബ്രറിക്ക് പുസ്തകങ്ങൾ തരാമെന്ന് വാഗ്ദാനം ചെയ്തു. ഒപ്പം ഒരു സ്വപ്നവും പങ്കുവെയ്ച്ചു: ഒരു സ്റ്റഡി സെന്റർ... അതും ഇവിടെ തുടങ്ങണം.

മേഘങ്ങൾ നിലാവിനെ മറയ്ക്കുകയാണ്... തിരുമേനിയോട് ഞങ്ങൾ യാത്ര പറഞ്ഞു. മറക്കാൻ ആവാത്ത ജീവിതാനുഭവങ്ങൾ... വിശുദ്ധിയുടെ കാൽപാടുകൾ... എല്ലാം ഇവിടെ പതിയുകയാണ്.... ഈ പൂന്തോട്ടത്തിലെ സുഗന്ധം മലങ്കര സഭയിൽ നിറയും നിശ്ചയം..... ഏലിയാപോൽ ഉജ്ജ്വലനെ.... യൂഹോനോൻ പോൽ വ്രത പരനേ.... അങ്ങയെ വരിച്ച ഈ സഭ എത്ര ധന്യ.....

(തയ്യാറാക്കിയത്: രാജ് ഫിലിപ്പ്, രഞ്ജു കെ. മാത്യു, ഗീവർഗീസ് സി. ആർ, ബിനു ഏബ്രഹാം, ജോബി പി. ചെറിയാൻ, ജോർജ്ജ് മാത്യു, അരുൺ മർക്കോസ്)

◆

ലേഖനം

ആത്മചൈതന്യം നഷ്ടമാകുന്നുവോ?

ലോയിസ് അന്നാ റോബി, കാരാണിക്കുളം

മറ്റെന്തിനേക്കാളും ചോദ്യങ്ങൾ ചോദിക്കുവാൻ ഞാൻ ഇഷ്ടപ്പെടുന്നു. കത്തി ജ്വലിക്കുന്ന തീപ്പന്തങ്ങളായ അനേകം ചോദ്യങ്ങൾ എന്റെ മുന്നിൽ എന്നും സജീവമാണ്. ഒരു പക്ഷേ, ഇവയാകാം എനിക്കുവേണ്ടതായ ഊർജ്ജം പകർന്നു നൽകുന്നത്. ജീവിതപാതയിലൂടെ ചലിക്കുമ്പോൾ തളരാതെ താങ്ങി നിർത്തുന്നതും ഇങ്ങനെയുള്ള ചില ചോദ്യങ്ങളാണ്. ജയപരാജയങ്ങൾ കൊണ്ട് അമ്മാനമാടുന്ന നമ്മുടെ ജീവിതം നിശ്ചയമില്ലാത്ത നാളെകൾ കാത്ത് ജാഗ്രതയോടെ തന്നെ നിൽക്കുന്നു. ഏതു നിമിഷവും എന്തും സംഭവിക്കുമെന്ന ബോധ്യം നമുക്കുണ്ട്. കഷ്ടങ്ങളിലും പ്രയാസങ്ങളിലും എന്നും ചരിക്കാൻ നമ്മുടെ മനസ്സുകളെ ഒരുക്കാൻ പലപ്പോഴും നാം മറക്കാറുണ്ട്. കനിവും കരുണയും ലവലേശം തീണ്ടാത്ത ഒരു സമൂഹമായി മാറുവാൻ നാം ശ്രമിക്കുന്നു. ചുറ്റുപാടും കണ്ണോടിച്ചാൽ മൂല്യബോധം നഷ്ടപ്പെട്ട ഒരു യുവതലമുറയെ കാണാൻ സാധിക്കും.

വി. മത്തായി 12:36-ൽ ഇപ്രകാരം പറയുന്നു. ''എന്നാൽ മനുഷ്യർ പറയുന്ന ഏതൊരു നിസ്സാര വാക്കിനും ന്യായവിധി ദിവസത്തിൽ കണക്കുബോധിപ്പിക്കേണ്ടിവരും.'' ഇങ്ങനെയാണെങ്കിൽ എന്താവും നമ്മുടെ ഓരോരുത്തരുടേയും സ്ഥിതി? യുവാക്കളെയാണ് സമൂഹത്തിൽ സംഭവിക്കുന്ന എന്തും വളരെ പെട്ടന്ന് സ്വാധീനിക്കുന്നത്. നന്മയും തിന്മയും ഒരേ പോലെ ഉൾക്കൊള്ളാൻ ഈ വിഭാഗത്തിനു സാധിക്കും. വളരെ പെട്ടെന്ന് Sensitive ആകുന്ന കൂട്ടരും, എന്തു കണ്ടാലും കേട്ടാലും ഒരു കുലുക്കവും ഇല്ലാത്തവരും, ഈ രണ്ടു കൂട്ടരുടേയും മിശ്ര സ്വഭാവം ഉൾക്കൊള്ളുന്ന മറ്റൊരു കൂട്ടരും ഇന്ന് യുവാക്കൾക്കിടയിൽ ഉണ്ട്. സ്വാഭാവിക സ്വഭാവം നിലനിർത്താൻ സാധിക്കുന്ന ഒരു വ്യക്തിക്കു മാത്രമേ സമൂഹത്തിൽ നിലനിൽക്കാൻ സാധിക്കൂ.

മാനസിക വികാരങ്ങളെ നിയന്ത്രിക്കാൻ വളരെ പ്രയാസപ്പെടുന്ന ഒരു കൂട്ടരാണ് യൂവാക്കൾ. പെട്ടന്ന് ദേഷ്യവും സങ്കടവും സന്തോഷവും അതിരു കവിഞ്ഞ് മനസ്സിന്റെ ഉള്ളറകളെ ഭേദിച്ചു വരുമ്പോൾ കൺമുന്നിൽ കാണുന്ന എന്തിനേയും തങ്ങളുടെ സ്വാർത്ഥയ്ക്കായി ഉപയോഗിക്കുവാൻ യുവതലമുറ ശ്രമിക്കുന്നു. വികാരങ്ങൾ പ്രകടിപ്പിക്കേണ്ടത് ആവശ്യമാണ്. എന്നാൽ അത് അതിരുകടക്കാതെ സൂക്ഷിക്കണം. വികാരങ്ങളെ മനസ്സിൽ ഒതുക്കിയാൽ ഭാവിയിൽ അവ മാരകരോഗങ്ങൾക്ക് കാരണമാകും എന്നതും മറ്റൊരു കണ്ടെത്തലാണ്. സമൂഹത്തിൽ നമ്മുടെ വ്യക്തിത്വത്തെ നിർണ്ണയിക്കുന്നത് നാം എപ്രകാരം നമ്മുടെ വികാരങ്ങളെ കൈകാര്യം ചെയ്യുന്നു എന്നതിനെ അടിസ്ഥാനപ്പെടുത്തിയാണ്. ഒരു വ്യക്തിയോട് കഠിനമായ വിരോധം മനസ്സിലുണ്ടെങ്കിൽ അയാളുടെ പേര് ഒരു കടലാസ്സിൽ എഴുതി, ആ പേരിന്റെ മുകളിൽ പേന കൊണ്ട് ആക്രമിക്കാവുന്നതിന്റെ പരമാവധി കുത്തിവരയ്ക്കുക. ദേഷ്യം തീരുന്നതുവരെ ഇങ്ങനെ ചെയ്യാം. നമ്മുടെ മനസ്സിൽ അയാളോടുള്ള ദേഷ്യം ഒരു വലിയ പങ്ക് കുറയുകയും ചെയ്യും. നമുക്കോ ആ വ്യക്തിക്കോ യാതൊരുവിധ ദോഷങ്ങളും ഉണ്ടാകാത്ത രീതിയിൽ പ്രശ്നം അവസാനിക്കുകയും ചെയ്യും. ഇങ്ങനെ മനസ്സിൽ അടക്കേണ്ട ചില വികാരങ്ങളെ അടക്കാൻ തക്ക മാർഗ്ഗങ്ങളും സ്വയം കണ്ടെത്താൻ ശ്രമിക്കാം. എന്നാൽ അവ ഒരു തരത്തിലും മറ്റുള്ളവർക്ക് ദോഷം വരുത്തുന്നതാവരുത്.

ചെറുപ്രായത്തിലേ കുഞ്ഞുമനസ്സുകളിൽ വിതയ്ക്കുന്ന വിഷവിത്തുകളാണ് അവർ വളർന്നു വരുന്തോറും അവരുടെ മനസ്സിൽ വളർന്നു വരുന്നത്. കഴിഞ്ഞ ദിവസം നടന്ന എ. എസ്. ഐ. ഏലിയാസിന്റെ മരണം നമ്മുടെ മുന്നിൽ ചിത്രീകരിക്കുന്നത് സ്വബോധം നഷ്ടപ്പെട്ട് വ്യർത്ഥമായ ചില തത്ത്വചിന്തകളിൽ അകപ്പെട്ടു ജീവിതം തുലയ്ക്കുന്ന ഒരു പറ്റം ക്രൂര വിദ്യാർത്ഥികൾ സമൂഹത്തിൽ വളർന്നു വരുന്നു എന്ന ഭീകരമായ സത്യമാണ്. രാഷ്ട്രീയം എന്നത് രാഷ്ട്രത്തോടുള്ള സ്നേഹവും കൂറുമാണ്. രാഷ്ട്രീയം കലാലയങ്ങളിൽ വേണ്ട എന്നല്ല മറിച്ച് ഇങ്ങനെയുള്ള സംഭവങ്ങൾ നമ്മോടു വിളിച്ചു പറയുന്നത് "കുഞ്ഞുങ്ങളേ നിങ്ങൾ വഴിതെറ്റിപ്പോകുന്നു" എന്നാണ്.

നിരപരാധികളെ ചൂഷണം ചെയ്യുന്നതു വഴി എന്താണ് ഈ സമൂഹത്തിന് ലഭിക്കുന്നത്? പാവപ്പെട്ടവൻ എന്നും പാവപ്പെട്ടവനാകാനുള്ള കാരണം ഇതുതന്നെയാണ്. കൊല്ലും കൊലയും സ്വാർത്ഥതാത്പര്യത്തിനു വേണ്ടി നടത്തുന്ന ഈ സമൂഹത്തിൽ അല്പം വെളിച്ചം പകരാൻ സാധിക്കുമോ എന്നു നാം ചിന്തിക്കേണ്ടതുണ്ട്. ഭൂമിയിൽ പാപം പെരുകുമ്പോൾ ദൈവം ചില പ്രകൃതിക്ഷോഭങ്ങൾ വരുത്തുന്നു. നോഹയുടെ കാലത്തു നടന്നതു പോലെ. പക്ഷേ ഭൂമിയെ മുഴുവനായി താൻ ഇല്ലാതാക്കുകയില്ല എന്നും ദൈവം ഓർപ്പിക്കുന്നു ജീവിച്ചിരിക്കുന്നവർക്ക് ഒരു മുന്നറിയിപ്പാണ് ഇങ്ങനെയുള്ള സംഭവങ്ങൾ എന്നു കരുതി നന്മയിൽ ജീവിക്കണം എന്ന ചിന്ത എപ്പോഴും മനുഷ്യനിൽ ഉണ്ടാവണം. സ്നേഹിക്കുകയും സേവിക്കുകയും സഹിക്കുകയും ചെയ്യുന്ന മനുഷ്യരായി നാം മാറേണ്ടതുണ്ട്.

ഈ തലമുറയ്ക്ക് നഷ്ടമായിക്കൊണ്ടിരിക്കുന്ന ആത്മീയ ചൈതന്യം വലിയ അപകടങ്ങളിലേയ്ക്ക് നമ്മെ നയിക്കുന്നു. തിന്മ മനസ്സിൽ വളരാനും ദുഷ്ടത പ്രവർത്തിക്കുവാനും ഏറെക്കുറെ കാരണം ആത്മാവിന്റെ ചൈതന്യം നഷ്ടപ്പെടുന്നതുകൊണ്ട് തന്നെയാണ് എന്നു പറയാം. ഇത് വീണ്ടെടുക്കുവാൻ നമ്മൾ നമ്മളെത്തന്നെ മനസ്സിലാക്കണം. ദ്രുതഗതിയിൽ ലോകം പായുന്ന ഈ കാലഘട്ടത്തിൽ നമ്മിലേയ്ക്കു തന്നെ തിരിഞ്ഞൊന്നു നോക്കാൻ നമുക്ക് സമയം ലഭിക്കാറില്ല. ഈ പശ്ചാത്തലത്തിൽ നമുക്ക് നമ്മളെപ്പോലും കുറ്റം പറയുവാൻ സാധിക്കുകയില്ല. ഇതെല്ലാംതന്നെ ഈ യുഗത്തിന്റെ പ്രത്യേകതയാണ്. എന്നാൽ ഇവയെ എല്ലാം മറികടന്ന് നമ്മിലേയ്ക്ക് ഒരു നിമിഷമെങ്കിലും തിരിയാൻ സാധിച്ചാൽ അത് വലിയ ഒരു മാറ്റം നമ്മിൽ സൃഷ്ടിക്കും എന്നതിൽ സംശയമില്ല. സ്വയം അറിഞ്ഞ് തിരുത്താൻ സാധിച്ചെങ്കിൽ മാത്രമേ ആത്മീയ ചൈതന്യം നമ്മിൽ വ്യാപരിക്കുകയുള്ളു.

നാടോടുമ്പോൾ നടുവേ ഓടാതെ കുറുകെ ഓടുവാൻ യുവാക്കൾ പരിശ്രമിക്കണം. നടക്കാൻ പാടില്ലാത്ത പലതും നടക്കുന്ന ഈ കാലത്ത്, നാം നമ്മെ തന്നെ സൂക്ഷിക്കേണ്ടിയിരിക്കുന്നു. ശ്രദ്ധയോടെ, ധ്യാനത്തോടെ, സ്നേഹപൂർവ്വം കരുണാപൂർവ്വം നമുക്ക് ജീവിതത്തെ നോക്കി കാണാം. നമ്മുടെ നാടിനെ നാം തന്നെ നശിപ്പിക്കാതെയിരിക്കാൻ ഉത്സാഹപൂർവ്വം ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യാം. ഏതൊരവസ്ഥയിലും ശോഷിക്കാതെ എന്നും ദൈവത്തിന്റെ സ്വന്തം നാടായി നിലകൊള്ളുവാൻ കേരളത്തിനു സാധിക്കട്ടെ. നാശത്തിന്റെ മാർഗ്ഗങ്ങൾ എന്നേയ്ക്കുമായി മാഞ്ഞുപോകുവാൻ നിത്യമായി നമുക്ക് പ്രാർത്ഥിക്കാം. കാലമാകുന്ന അസ്ഥിരമായ ചങ്ങലപൊട്ടിച്ച് നമുക്ക് പ്രാർത്ഥനാപൂർവ്വം നന്മയിലേയ്ക്ക് മുന്നേറാം. ◆

കവിത

എന്റെ മനസ്സ്

ഹാബേൽ മാത്യു ജയ്സൺ, എരുമത്താനം

പൂക്കൾ വിരിയും നിലാവു പോലെ,
നിന്റെ കൂടെ ഞാൻ പോന്നോട്ടെ.
നിന്നെ കാണുമ്പോൾ എന്റെ മനസ്സിൽ ഒരു കൊച്ചു കിനാവുണ്ട്.
ആരോരുമില്ലാത്ത നീ ഒരു പാവമല്ലേ,
നീയെന്റെ ചെങ്ങാതി അല്ലേ,
നീ ഒരു നല്ല കുട്ടിയല്ലേ.

തട്ടേക്കാട്ടിൽ – ഒരു തട്ടുകേട്

അന്നമ്മ കുറിയാക്കോസ് ചിറപ്പുറത്ത്

അങ്കമാലിയിലുള്ളാന്റണീ സ്കൂളിലെ
അദ്ധ്യാപകരോടൊത്തു വിദ്യാർത്ഥികളും
അവധിദിനത്തിലൊരുല്ലാസയാത്രക്ക്
അതിയായ മോദത്തോടൊരുക്കമായി
കാണുന്ന കാഴ്ചകുറിക്കുവാനായ്
കടലാസും പേനയും കയ്യിലുണ്ട്
കടലവറുത്തതും കപ്പലണ്ടിപ്പൊതിയും
കറുമുറാ കൊറിക്കുവാൻ കരുതിയിട്ടുണ്ട്.
കണ്ണിന്നു കൗതുകം തോന്നും വിധം
കോളറുകൾ നന്നായ് തേച്ചുമിനുക്കിയ
കള്ളികളുള്ളൊരു യൂണിഫോമിട്ടു
കാലത്തുതന്നയവർ യാത്രയായി.
കാഴ്ചകൾകണ്ടിട്ടൊടുവിലവർ
തട്ടേക്കാട്ടിലെ പക്ഷിസങ്കേതവും
സന്ദർശിച്ചു
പക്ഷികൾ തന്നുടെ സൗന്ദര്യം വർണ്ണിച്ചു
പറ്റമായ് ചേർന്നവർ ബോട്ടിൽ കയറി
ബോട്ടിലെയാത്ര പകുതികഴിഞ്ഞപ്പോൾ
ബോട്ടിന്റടിത്തട്ടുപൊട്ടിപ്പിളർന്നു
വെള്ളമിരച്ചങ്ങു ബോട്ടിൽ കയറി
വെള്ളത്തിൽ ബോട്ടങ്ങു മുങ്ങിത്തുങ്ങി
കൂട്ടനിലവിളി ബോട്ടീന്നുയർന്നതു
കേട്ടവരൊക്കെയും ഓടിയെത്തി
രക്ഷാപ്രവർത്തകർ ആഴത്തിൽ നിന്നും
രക്ഷിച്ചതാവോളം പേരെയവർ.
റ്റി. വി. യിൽ വന്നൊരു വാർത്തയറിഞ്ഞപ്പോൾ
വീട്ടിലും നാട്ടിലും കൂട്ടക്കരച്ചിലായ്
കാറുകൾ, സ്കൂട്ടറും, ഓട്ടോറിക്ഷാകളും
ഓട്ടമായ് സ്കൂളിൻ പരിസരം മാറി
ജനസമുദ്രമായി.
പിന്നെയും വന്നൊരു വാർത്തയിൽ കേട്ടു
പിഞ്ചുകുഞ്ഞുങ്ങൾ പതിനഞ്ചുപേരുടെ
നെഞ്ചിടിപ്പങ്ങനെനിന്നുപോയി.
നെഞ്ചത്തടിച്ചുകരയുന്നു, ആരൊക്കെയോ
-ണവർ ആരായുന്നേവരും

****

വെള്ളത്തിൽനിന്നെടുത്ത ജഡങ്ങൾ
വെള്ളത്തുണിയിൽ പൊതിഞ്ഞുകൊണ്ട്
ആംബുലൻസെത്തുന്നകാഴ്ച കണ്ടാൽ
ആർക്കും സഹിക്കുവാനാവതില്ല.
ഇരട്ടക്കുരുന്നുകളെ ഇരുകയ്യിൽ
ചേർത്തതി-
ന്നിടയിൽ മുഖമമർത്തിക്കരയുന്നൊരച്ഛന്റെ
മുഖചിത്രം കണ്ടതു മനസ്സിൽ നിന്നും
മായാതെ ഇപ്പോഴും ഓർക്കുന്നു ഞാൻ.
കാതലായ് കാര്യമൊന്നുണ്ടു ചൊല്ലുവാൻ
കാതോർത്തുകേൾക്കണേ കൂട്ടുകാരെ
പോകേണ്ടമക്കളെ നിങ്ങൾ തനിയെ
വന്നിടാം ഞങ്ങളും മൂന്നുപേർ നിങ്ങൾക്കൊപ്പം
എന്നോതിക്കൂട്ടത്തിൽ പോയിതവർ
മൂവരും
ആനിയും, ലിസ്സിയും, ശ്രീദേവിറ്റീച്ചറും
ശിഷ്യരോടുള്ള ഗുരുവിന്റെ സ്നേഹം
ശുഷ്ക്കിച്ചു പോവില്ലെന്നോർക്കണമേവരും
ശാന്തി തൻതീരത്തണഞ്ഞാത്മാക്കൾ തൻ
ശാന്തിക്കായ് പ്രാർത്ഥിക്കാം നമ്മളൊന്നായ്.

(അങ്കമാലി എളവൂർ സെന്റ് ആന്റണീസ് യു. പി. സ്കൂളിൽ നിന്നും ഭൂതത്താൻകെട്ട് ഡാമിലും തട്ടേക്കാടു ഭാഗത്തും ഉല്ലാസയാത്ര പോയ അദ്ധ്യാപകരും വിദ്യാർത്ഥികളും കയറിയ ബോട്ടു മുങ്ങി 18 പേർ (15 + 3) മരിച്ച സംഭവത്തെ അടിസ്ഥാനമാക്കി എഴുതിയത്.)

ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമേ

റ്റി. വി. കുര്യനും കുടുംബവും
എരുമത്താനത്ത് പൂവേലിൽ

ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമേ

പി. ജെ. കുര്യനും കുടുംബവും
പട്ടശ്ശേരിൽ പാലമൂട്ടിൽ

ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമേ

പി. ഐ. തോമസും കുടുംബവും
പാട്ടത്തിൽ പുത്തൻപുരയ്ക്കൽ

ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമേ

ബോബൻ പി. ഏബ്രഹാമും കുടുംബവും
പട്ടശ്ശേരിൽ (നെസിൽ)

ഷാജി ഏബ്രഹാം സഭാ ഫൈനാൻസ് കമ്മറ്റിയിൽ

കോട്ടയം: കുഴിമറ്റം പള്ളി ഇടവകാംഗമായ വാഴച്ചിറ പട്ടശ്ശേരിൽ ഷാജി ഏബ്രഹാമിനെ സഭയുടെ ഫൈനാൻസ് കമ്മറ്റിയിലേക്ക് മാനേജിംഗ് കമ്മറ്റി തിരഞ്ഞെടുത്തു. നേരത്തെ ഇദ്ദേഹത്തെ കുവൈറ്റിൽ നിന്നുള്ള സഭയുടെ മാനേജിംഗ് കമ്മറ്റിയിലേയ്ക്ക് പരിശുദ്ധ കാതോലിക്കാ ബാവാ നോമിനേറ്റ് ചെയ്തിരുന്നു. പ്രവാസികൾക്കു വേണ്ടിയുള്ള പ്രവർത്തനങ്ങളുടെ അംഗീകാരമായി ഷാജി ഏബ്രഹാമിന് 2006-ലെ ധിഷണാ അവാർഡ് ലഭിച്ചിട്ടുണ്ട്.

സോണൽ മത്സരവിജയി

കുഴിമറ്റം: സൺഡേസ്കൂൾ സോണൽ സഹപാഠ്യ മത്സരത്തിൽ യുവജനപ്രസ്ഥാനാംഗമായ പാലമൂട്ടിൽ അച്ചു ശോശാ ഏബ്രഹാം (സെന്റ് ജോർജ് സൺഡേസ്കൂൾ, കുഴിമറ്റം) സീനിയർ പൊതുവിജ്ഞാനത്തിൽ മൂന്നാം സ്ഥാനം കരസ്ഥമാക്കി. യൂണിറ്റ് പ്രസിഡന്റ് ഫാ. പി. എ. തോമസിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യുവജനപ്രസ്ഥാനയോഗം അനുമോദിച്ചു.

ഡിബേറ്റ് മൽസരത്തിൽ ജേതാക്കൾ

ചീരംചിറ: സെന്റ് മേരീസ് യുവജനപ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ കോട്ടയം ഭദ്രാസനാടിസ്ഥാനത്തിൽ സെപ്റ്റംബർ 2-ാം തീയതി നടത്തപ്പെട്ട ഡിബേറ്റ് മത്സരത്തിൽ കുഴിമറ്റം സെന്റ് ജോർജ് യുവജനപ്രസ്ഥാനാംഗങ്ങളായ ഗീവർഗീസ് സി. ആർ., ജിക്കു തോമസ് എന്നിവരടങ്ങുന്ന ടീം ജേതാക്കളായി. വിജയികളെ യുവജനപ്രസ്ഥാന യോഗം അനുമോദിച്ചു.

കുടുംബാരാധനായോഗം

കുഴിമറ്റം: സെന്റ് ജോർജ് യുവജനപ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ നടത്തിവരുന്ന കുടുംബാരാധനായോഗങ്ങളുടെ നാലാമത് യോഗം മൂന്നാം വാർഡിൽ വാഴച്ചിറ കെ. സി. തോംസന്റെ ഭവനത്തിൽ വച്ച് നടത്തപ്പെട്ടു. ബ്രദർ റ്റിജോ കുറിയാക്കോസ് (മാർ ബസേലിയസ് ദയറാ, ഞാലിയാകുഴി) വചനപ്രഭാഷണം നടത്തി. അഭിനന്ദ് പി. ഷായി കൺവീനറായി പ്രവർത്തിച്ചു.

സ്നേഹ സ്മരണയ്ക്ക്

കെ. എ. തോമസ്
കാരാണിക്കുളം
മരണം: 23-09-07
എന്ന്
സന്തപ്ത കുടുംബാംഗങ്ങൾ

നവീകരണം 2007-08

ഫാ. പി. എ. തോമസ് കളരിക്കൽ (വികാരി)

കുഴിമറ്റം സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളി ഇന്ന് നവീകരണത്തിന്റെ പാതയിലാണ്. നമ്മുടെ ദേവാലയത്തിന്റെ പ്രൗഡിക്കനുസരിച്ച് പള്ളിയും പരിസരവും മോടിയാക്കുന്ന വിവിധകാര്യങ്ങളാണ് നവീകരണ പ്രക്രിയയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. വർഷങ്ങളായി നാം ആഗ്രഹിക്കുന്ന നവീകരണ പ്രവർത്തികൾ യാഥാർത്ഥ്യമാവുമ്പോൾ സഭാതലത്തിൽ ശ്രദ്ധിക്കപ്പെടുന്ന ദേവാലയങ്ങളിൽ ഒന്നായി നമ്മുടെ ഇടവകയും ഉയർത്തപ്പെടും. ഈ നവീകരണ പ്രവർത്തനങ്ങൾക്ക് നിർലോഭം സഹകരിക്കുന്ന മാനേജിംഗ് കമ്മറ്റിയേയും സഹായിക്കുന്ന ഇടവകജനങ്ങളെയും വികാരി എന്ന നിലയിൽ ഞാൻ അഭിനന്ദിക്കുന്നു.

ക്ദുശ് കുദിശിൻ

താരതമ്യേന വലിപ്പം കൂടിയ നമ്മുടെ മദ്ബഹായിൽ ക്ദുശ്കുദിശിൻ പണിയേണ്ടത് ഒരാവശ്യമാണ്. ക്ദുശ്കുദിശിൻ എന്നാൽ "വിശുദ്ധതകളുടെ വിശുദ്ധം" എന്നാണ്. ദൈവസിംഹാസനത്തിനു മുമ്പിൽ മാലാഖമാരുടെ സാന്നിദ്ധ്യം യെശയ്യ പ്രവാചകൻ വിവരിക്കുന്നുണ്ട്. നിയമ പെട്ടകം ഇസ്രയേല്യ സഭ ദേവാലയത്തിന്റെ വിശുദ്ധ സ്ഥലത്ത് പ്രതിഷ്ഠിച്ചിരുന്നു. നിയപെട്ടകത്തിൽ പത്തു കല്പനകളാണ് സൂക്ഷിച്ചിരുന്നത്. പത്തുകല്പന ദൈവത്തിന്റെ 'വചന'മാണ്. വചനമാണ് ജഡം ധരിച്ച് ലോകരക്ഷകനായി ഭൂജാതം ചെയ്തത്. നമ്മുടെ ക്ദുശ്കുദിശിന്റെ മുകൾഭാഗത്ത് ഇരുവശങ്ങളിൽ മാലാഖമാരുടെ അകമ്പടിയോടെ നിയമപെട്ടകവും അതിനു മുകളിൽ വചനം ജഡമായി തീർന്ന യേശുവിന്റെ ഐക്കണും രൂപകല്പന ചെയ്തിരിക്കുന്നത് വളരെ അർത്ഥപൂർണ്ണമാണ്. മൂന്ന് ത്രോണോസിനും ക്ദുശ്കുദിശിൻ ഉണ്ടെന്നതും പ്രത്യേകതയാണ്.

പള്ളിമുറ്റം

പള്ളിമുറ്റത്ത് 16 അടി വീതിയിൽ ചുറ്റും കരിങ്കല്ല് പാകിത്തുടങ്ങി. കല്ല് പാകിയതിനു ശേഷം ബാക്കിമുറ്റത്ത് മെറ്റൽ ചിപ്സ് വിരിച്ച് മനോഹരമാക്കുമ്പോൾ പള്ളിയുടെ മുഖഛായക്കു തന്നെ മാറ്റം വരും. കൂടാതെ പള്ളിയുടെ പടിഞ്ഞാറുവശത്ത് മുറ്റത്തു നിന്നും രണ്ട് റാമ്പുകൾ പണിത് ഗേറ്റും വയ്ക്കുമ്പോൾ കുറെകൂടി മനോഹരമാകും.

കൽകുരിശ്

പള്ളിയുടെ പടിഞ്ഞാറുവശത്ത് സ്ഥിതി ചെയ്യുന്ന കുരിശിൻതൊട്ടിക്ക് പകരം ഒരു കൽക്കുരിശ് സ്ഥാപിക്കുന്നതിന് നടപടികളായിക്കഴിഞ്ഞു. ഈ കുരിശിൻതൊട്ടിയുടെ മുഴുവൻ ചിലവുകളും സ്പോൺസർ ചെയ്തിരിക്കുകയാണ്.

പുതുതായി നിർമ്മിക്കുന്ന ക്ദുശ് കുദിശിന്റെ മാതൃക

പുതിയ കതകുകൾ

പള്ളിയുടെ മുൻവശത്തെ ഷട്ടറുകൾക്ക് പകരം തേക്കിൻ തടിയിൽ തീർത്ത മൂന്ന് കതകുകൾ സ്ഥാപിക്കുന്നതിനും തീരുമാനമായി. ഈ മൂന്നു കതകുകളും മൂന്നു വ്യക്തികൾ സ്പോൺസർ ചെയ്തിരിക്കുകയാണ്.

പോർച്ച്

പള്ളിയുടെ പോർച്ച് അല്പം ഉയർത്തി ഗ്രാനൈറ്റ് ഇട്ട് മനോഹരമാക്കുന്നതും നവീകരണത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഇതിന്റെ പണികളും പുരോഗമിക്കുന്നു.

ശവക്കോട്ട

ശവക്കോട്ടയുടെ മതിലുകൾ, ഉൾവശം എന്നിവ മോടിപിടിപ്പിക്കുന്നതിനും ഉള്ളിലെ വഴികൾ വൃത്തിയാക്കി സൂക്ഷിക്കുന്നതിനുമുള്ള പണികൾ പുരോഗമിക്കുന്നു എല്ലാ കബറുകളും വെള്ളപെയിന്റ് അടിച്ച് മനോഹരമാക്കുന്നത് നന്നായിരിക്കും.

പെയിന്റിംഗ്

വർഷങ്ങളായി പള്ളിയും കുരിശിൻതൊട്ടിയും പെയിന്റ് അടിക്കാതിരിക്കയാണല്ലോ. പെരുന്നാളിനു മുമ്പേ തന്നെ പെയിന്റ് നടത്തുവാനാണ് ക്രമീകരണങ്ങൾ ചെയ്യുന്നത്.

ചുറ്റുമതിൽ

പള്ളികോമ്പൗണ്ടിന്റെ ചുറ്റുമതിൽ പൂർത്തിയാക്കി കിഴക്കുവശത്ത് ആർച്ചും ഗേറ്റും പണിയുന്നതിനും പദ്ധതിയുണ്ട്.

ബാത്ത്റൂമുകൾ

പള്ളിയിൽ വരുന്ന സ്ത്രീകൾക്കും പുരുഷന്മാർക്കും ഉപയോഗിക്കത്തക്കവിധം രണ്ട് ബാത്ത്റൂമുകൾ പള്ളി ഓഫീസിന് പുറകിലായി പണി തുകഴിഞ്ഞു.

നവീകരണം 2007-08 എന്ന ഈ പദ്ധതിയിൽ ഇത്രയും കാര്യങ്ങൾ ചെയ്യുന്നതിനാണ് പൊതുയോഗം അംഗീകാരം നൽകിയിരിക്കുന്നത്. ഇത്രയും കാര്യങ്ങൾ നടക്കുന്നതിന് 25 ലക്ഷം രൂപയോളം വേണ്ടിവരും. ഇടവകാംഗങ്ങളുടെ നിർലോഭമായ സഹകരണം ഉണ്ടായേ മതിയാകൂ. ഇതിനായി ഒരു വർഷത്തെ വരുമാനത്തിൽ നിന്നും ദശാംശം കൊടുക്കുന്നതിന് എല്ലാവരും സ്വയം തീരുമാനിക്കണം. പ്രതീക്ഷ തുകയിൽ കുറയാത്തുക നൽകി ഇടവകാംഗങ്ങൾ എല്ലാവരും സഹകരിച്ചാൽ സമയബന്ധിതമായ ഈ പണികളെല്ലാം തീർക്കുവാൻ നമുക്ക് കഴിയും. ഇടവകയുടെ പുരോഗതി നമ്മുടെ മുഖ്യലക്ഷ്യമായിരിക്കട്ടെ. വി. ഗീവറുഗീസ് സഹദായുടെ മദ്ധ്യസ്ഥത ലക്ഷ്യപ്രാപ്തിയിലേക്ക് നമ്മെ നയിക്കട്ടെ.

◆

യുവജനവാരാഘോഷം

കുഴിമറ്റം: സെന്റ് ജോർജ് യുവജനപ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ ആഗസ്റ്റ് 25 മുതൽ സെപ്റ്റംബർ 2 വരെ യുവജനവാരമായി ആഘോഷിച്ചു. യുവജനപ്രസ്ഥാനം കേന്ദ്ര സെക്രട്ടറി എ. കെ. ജോസഫ് ഉദ്ഘാടനം ചെയ്തു.

അത്തപ്പൂക്കളമൊരുക്കൽ, ഭവനസന്ദർശനം, ഓണാഘോഷ പരിപാടികൾ, കായിക മത്സരങ്ങൾ, ബഥനി ആശ്രമ സന്ദർശനം, സ്നേഹവിരുന്ന്, പള്ളി ശുചീകരണം, യുവജനദിനാഘോഷം ഫാ. തോമസ് ആൻഡ്രൂസിന്റെ നേതൃത്വത്തിൽ കുടുംബാരാധനായോഗം, 'ഓളപ്പരപ്പിലൂടെ' ആലപ്പുഴയിലേക്ക് പ്രകൃതി പഠനയാത്ര, 'സഭയും രാഷ്ട്രീയവും' എന്ന വിഷയത്തിൽ ചർച്ച എന്നിവ നടത്തി.

സമാപന സമ്മേളനം വി. എൻ. വാസവൻ എം. എൽ. എ. ഉദ്ഘാടനം ചെയ്തു. ജിജോ മോൻ പി. എസ്. കൺവീനറായി പ്രവർത്തിച്ചു.

യുവജനസംഗമം

പാച്ചിറ: യുവജനപ്രസ്ഥാനം പള്ളം ഡിസ്ട്രിക്റ്റ് യുവജനസംഗമം നവംബർ 4 ന് പാച്ചിറ സെന്റ് മേരീസ് പള്ളിയിൽ വച്ച് നടത്തപ്പെട്ടു. വൈദിക സെമിനാരി വൈസ് പ്രിൻസിപ്പാൾ ഫാ. ഡോ. ജേക്കബ് കുര്യൻ ഉദ്ഘാടനം ചെയ്തു. കെ. ജി. കോളേജ് പ്രിൻസിപ്പാൾ ഡോ. ജേക്കബ് കുര്യൻ ഓണാട്ട് 'മലങ്കരസഭയിലെ വെല്ലുവിളികളും യുവതീ-യുവാക്കളും' എന്ന വിഷയാടിസ്ഥാനത്തിൽ ക്ലാസ് നയിച്ചു. ഫാ. പോൾ പി. തോമസ്, ഫാ. സി. എ. വർഗീസ്, സാം വർഗീസ്, രഞ്ജു കെ. മാത്യു, ജിൻസി സാജൻ, രാജ് ഫിലിപ്പ്, ആൻസൺ കുര്യൻ, അനീഷ് പ്രകാശ് എന്നിവർ പ്രസംഗിച്ചു.

പിതൃപ്രണാമനിശയും അനുമോദന സമ്മേളനവും

കുഴിമറ്റം: പള്ളി സ്ഥാപിതമായതിനു ശേഷം ആദ്യമായി വി. കുർബ്ബാന അർപ്പിച്ച 1901 സെപ്റ്റംബർ 14-ാം തീയതി സ്ലീബാ പെരുന്നാളിന്റെ സ്മരണ പുതുക്കുവാനും വാങ്ങിപ്പോയവരെ ഓർമ്മിക്കുവാനും പ്രാർത്ഥിക്കുവാനും യുവജനപ്രസ്ഥാനം സെപ്റ്റംബർ 15 ശനിയാഴ്ച പിതൃപ്രണാമനിശ ആചരിച്ചു. ഇടവക മെത്രാപ്പോലീത്താ ഗീവർഗീസ് മാർ ഈവാനിയോസിന്റെ കാർമ്മികത്വത്തിൽ ദീപാലങ്കൃതമായ സന്ധ്യ അനുഗ്രഹീതമായി.

ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനത്തിന്റെ 2006-07 വർഷത്തിലെ മലങ്കരസഭയിലെ മികച്ച യൂണിറ്റായി തിരഞ്ഞെടുത്ത കുഴിമറ്റം സെന്റ് ജോർജ് യുവജനപ്രസ്ഥാനത്തെയും മികച്ച സെക്രട്ടറിയായി തെരഞ്ഞെടുത്ത ഗീവർഗീസ് സി. ആറിനെയും തുടർന്ന് നടന്ന അനുമോദന സമ്മേളനത്തിൽ ഗീവർഗീസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്താ അനുമോദിച്ചു. മികച്ച ഭദ്രാസന സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട സാം വർഗീസ്, ഫാ. പി. എ. തോമസ്, ഫാ. ജയ് സഖറിയാ, ബിനു ഏബ്രഹാം എന്നിവർ പ്രസംഗിച്ചു. ഹാൻസ് ബാബു കൺവീനറായി പ്രവർത്തിച്ചു.

നവദമ്പതികൾക്ക് ആശംസകൾ

പുകടിയിൽ അനുമോൾ പി. കുര്യനും അനീഷും

Printed and Published by Fr.P.A. Thomas, President St. George Youth Movement, Kuzhimattom. Editor: Geevarghese C. R., Chirappurathu, Kuzhimattom P. O, Kottayam Mob: 9947945518
Printed at Sophia Print House, Thekkenada, Kottayam, Ph: 3255054, 99471 20697